# അദ്ധ്യായം 3

# ഭിന്നതയുടെ ഗൗരവം

ലോകം ജ്ഞാനത്തെ നിർവ്വചിക്കുന്നതു നോക്കിയാൽപോലും, കൊരിന്ത്യയിലെ ക്രിസ്ത്യാനികൾക്കിടയിൽ ഉത്ഭവിച്ച ഭിന്നത അസ്ഥാനത്താണെന്ന് കാണാം. കൊരിന്തിൽ നില നിന്ന ഭോഷത്വ രീതിയിലുള്ള ജ്ഞാനം ദൈവ ജ്ഞാനത്തിൽ നിന്നു വ്യത്യസ്തമായിരുന്നു. സഭയിലെ ഈ കോലാഹലം, ലോക-ജ്ഞാനികളുടെ സ്വാധീനത്താലുളവായതാണ്, ലോക മൂല്യം കണക്കാക്കുന്ന ജഡത്തിൽനിന്നും രൂപപ്പെട്ടതായിരുന്നു ഭിന്നതയുടെ ആത്മാവ്. ചില ക്രിസ്ത്യാനികൾ അവരുടെ ഹൃദയങ്ങളിൽ ക്രിസ്തുവിന്റെ ആത്മാവിനെ വാഴുവാൻ അനുവദിച്ചില്ല. അവരിൽ രൂപപ്പെട്ട അസൂയക്കും, പിണക്കത്തിനും, മൽസരത്തിനും കാരണമായി തീർന്നത്, തങ്ങൾക്ക് ഇഷ്ടപ്പെട്ട ഉപദേഷ്ടാവിനോട് സംഘം ചേർന്നു നിന്നു എന്നതാണ്.

ഇത്തരം ബാലിശമായ ആസക്തികൾ അവരെ യഥാർത്ഥ സുവിശേഷത്തിന്റെ ശക്തിയിൽ നിന്നു വ്യതിചലിപ്പിച്ച് ദൈവകൃപ ലഭ്യമാകുന്ന ക്രിസ്തുവിന്റെ ക്രൂശിന്റെ ശക്തിയിൽ ആശ്രയിക്കുന്നത് ത്യജിക്കുകയായിരുന്നു. അതിനു അതിലുപരിയായി അവർ ധാർമ്മിക മൂല്യത്തെയും സഹോദരപ്രീതിയെയും ഉപേക്ഷിക്കുകയായിരുന്നു.

### ഭിന്നത: ജഡത്തിന്റെ ഫലം (3:1-9)

**1എന്നാൽ സഹോദരന്മാരേ, നിങ്ങളോട് എനിക്ക് ആത്മികന്മാരോട് എന്ന
പോലെ അല്ല, ജഡികന്മാരോട് എന്നപോലെ, ക്രിസ്തുവിൽ ശിശുക്കൾ ആയ
വരോട് എന്നപോലെ അത്രേ സംസാരിപ്പാൻ കഴിഞ്ഞുള്ളു. 2ഭക്ഷണമല്ല പാൽ
അത്രെ ഞാൻ നിങ്ങൾക്ക് തന്നത്. ഭക്ഷിപ്പാൻ നിങ്ങൾക്ക് കഴിവില്ലായിരുന്നു.
ഇപ്പോഴും കഴിവായിട്ടില്ല; ഇന്നും നിങ്ങൾ ജഡികന്മാരല്ലൊ. 3നിങ്ങളുടെ ഇട
യിൽ ഈർഷ്യയും, പിണക്കവും ഇരിക്കെ, നിങ്ങൾ ജഡികന്മാരും ശേഷം
മനുഷ്യരെ പോലെ നടക്കുന്നവരുമല്ലയോ? 4ഒരുത്തൻ ഞാൻ പൗലൊസിന്റെ
പക്ഷക്കാരൻ എന്നും മറ്റൊരുത്തൻ ഞാൻ അപ്പല്ലൊസിന്റെ പക്ഷക്കാരൻ
എന്നും പറയുമ്പോൾ നിങ്ങൾ സാധാരണ മനുഷ്യരല്ലയോ? 5അപ്പല്ലൊസ്
ആർ? പൗലൊസ് ആർ? തങ്ങൾക്ക് കർത്താവ് നൽകിയതുപോലെ നിങ്ങൾ
വിശ്വസിപ്പാൻ കാരണമായി തീർന്ന ശുശ്രൂഷക്കാരത്രെ. 6ഞാൻ നട്ടു, അപ്പ
ല്ലൊസ് നനച്ചു, ദൈവമത്രെ വളരുമാറാക്കിയത്. 7ആകയാൽ വളരുമാറാ
ക്കുന്ന ദൈവമല്ലാതെ നടുന്നവനും നനക്കുന്നവനും ഏതുമില്ല. 8നടുന്നവന
ും നനക്കുന്നവനും ഒരുപോലെ; ഓരോരുത്തന്നു താന്താന്റെ അദ്ധ്വാനത്തിന്
ഒത്തവണ്ണം കൂലി കിട്ടും. 9ഞങ്ങൾ ദൈവത്തിന്റെ കൂട്ടുവേലക്കാർ, നിങ്ങൾ
ദൈവത്തിന്റെ കൃഷി, ദൈവത്തിൻെറ ഗൃഹനിർമ്മാണം.**

**വാക്യം 1.** കൊരിന്ത്യയിലെ ക്രിസ്ത്യാനികൾ ആത്മിയ വരങ്ങൾക്ക് അമിത

പ്രാധാന്യം കൽപിക്കുന്ന ദൃശ്യമായിട്ടാണ് അവതരിപ്പിച്ചത് (12:7–10), എന്നാൽ ആത്മിയ സന്ദേശത്തിന് വളരെ കുറച്ചു പ്രാധാന്യമാണ് കൊടുത്തിരുന്നത്. **ആത്മികന്മാർ** എന്ന രീതിയിൽ പൗലൊസിന് [അവരോട്] **സംസാരിക്കുവാൻ** കഴിഞ്ഞില്ല. **ജഡികന്മാരോട്, ക്രിസ്തുവിൽ ശിശുക്കൾ** ആയവരോട് എന്നപോലെ മാത്രമെ അപ്പൊസ്തലന് അവരോട് സംസാരിക്കുവാൻ കഴിഞ്ഞുള്ളു. അവരുടെ ഭിന്നതകളും, എല്ലാ പ്രതിസന്ധികളും നിലനിൽക്കെ തന്നെ പൗലൊസ് അവരെ "ക്രിസ്തുവിലുള്ളവർ" എന്നാണ് സംബോധന ചെയ്തത്. ക്രിസ്തു അവരെ ഉപേക്ഷിക്കുന്നതുപോലെ മാത്രമെ അപ്പൊസ്തലനും അവരെ ഉപേക്ഷിക്കുവാൻ കഴിയുമായിരുന്നുള്ളു. ഭിന്നതകളും, നാട്യവും, ആസക്തിയും, ലൗകിക ജ്ഞാനവും എല്ലാം ഉണ്ടെങ്കിലും, ഒരർത്ഥത്തിൽ കൊരിന്ത്യർ ആത്മികരായി നിലനിന്നു. പരിശുദ്ധാത്മാവ് അവരെ തുടർച്ചയായി പ്രബോധിപ്പിച്ചും ഉത്തേജിപ്പിച്ചുമിരുന്നു; ആത്മാവ് ലഭിച്ചിട്ടും, ജഡത്തെ ഉപരിതലത്തിൽ പ്രവർത്തിപ്പാൻ അവർ അനുവദിച്ചു. അവരെ ആത്മികർ എന്നു പൗലൊസിനു സംബോധന ചെയ്യുവാൻ കഴിയാത്ത വിധത്തിൽ, മനസുകളെ ജഡം കീഴ്പ്പെടുത്തി. അതിനാൽ പൗലൊസിന് അവരെ ആത്മികന്മാർ എന്നു സംബോധന ചെയ്യുവാൻ കഴിഞ്ഞില്ല.

ആന്തരിക ഉൾക്കാഴ്ച്ചയാലോ, അവർ സംസാരിച്ച പ്രത്യേക ഭാഷയാലോ, ആത്മാവിന്റെ പ്രചോദനത്താലോ അല്ല അപ്പൊസ്തലന് ആത്മികരെ തിരിച്ചറിയുവാൻ കഴിയുന്നത് എന്ന കാര്യം സ്പഷ്ടമാണ്. പൗലൊസിന് അവരെ ആത്മികർ എന്നു വിളിക്കുവാൻ കൊരിന്ത്യ സഭ പക്വതയിലെത്തണമായിരുന്നു. ലോക ജ്ഞാനികളും പരിഷ്ക്കാരികളും ജ്ഞാനമാണ് പക്വതയുടെ ലക്ഷണമായി കാണുന്നത്. അവർ ബാലിശ വഴികൾ വിട്ടുകളഞ്ഞ് കർത്താവിനെ സേവിപ്പാൻ അവർക്ക് എത്രത്തോളം പറ്റുമോ എന്നതാണ് ആത്മാവിന്റെ വാഞ്ഛ. തന്റെ വായനക്കാർ, അവർക്കിടയിലെ വിഭാഗിയത വളർത്തുന്ന താൽപര്യം ഒഴിവാക്കുവാനാണ് അപ്പൊസ്തലൻ ആഗ്രഹിച്ചത്.

**വാക്യം 2.** തെസലൊനിക്യരോട് പൗലൊസ്, തന്നെ ഒരു ആർദ്രതയുള്ള അമ്മയോട് ഉപമിച്ച് പറഞ്ഞിരിക്കുന്നു (1 തെസ്സ. 2:7; കെജെവി), അവൻ അവിടെയുള്ള വിശ്വാസികൾക്ക് കുടിപ്പാൻ പാല് കൊടുക്കുന്ന ഒരമ്മയെ പോലെയായിരുന്നു. അവൻ അവിടെനിന്നു പോയിട്ട് ഇപ്പോൾ ഏകദേശം മൂന്നു വർഷം ആയിക്കാണാം (പ്രവൃ. 18:11). അവൻ അവിടെ ആയിരുന്നപ്പോൾ അവിടെ അവൻ ക്രിസ്തീയ ഉപദേശത്തിന് അടിത്തറ പാകി. അപ്പൊസ്തലൻ കൊരിന്ത്യർക്ക് വിശ്വാസം പരിചയപ്പെടുത്തി: "ക്രൂശിക്കപ്പെട്ട ക്രിസ്തുവിൽ." (1 കൊ. 2:2). "നിർജീവ പ്രവൃത്തികളിൽ നിന്നുള്ള മാനസാന്തരം," "ഠരിച്ചവരിൽ നിന്നുള്ള പുനരുത്ഥാനം." "നിത്യശിക്ഷാവിധി" (എബ്രാ. 6:1, 2). അവരുടെ ക്രിസ്തീയ ജീവിതം ആരംഭിച്ചപ്പോൾ, അവർ ബാല്യാവസ്ഥയിലായിരുന്നു, ക്രിസ്തുവിൽ ശിശുക്കൾ ആയിരുന്നു. സുവിശേഷത്തിന്റെ പാൽ ആയ അടിസ്ഥാന ഉപദേശങ്ങൾ അവൻ അവർക്ക് നൽകി. അവർക്ക് വളരുവാനുള്ള അവസരം ലഭിച്ചിരുന്നു. തീർച്ചയായും അവർ ക്രിസ്തുവിൽ വളരണമായിരുന്നു, എന്നാൽ സഭയുടെ ഐക്യതയെ തകർക്കുന്ന വിഭാഗിയതയിലേക്ക് അവർ വ്യതിചലിക്കുകയായിരുന്നു.

സുവിശേഷത്തിൻെറ അടിസ്ഥാന സത്യങ്ങൾ അവരിൽ പ്രതിഫലിപ്പിക്കുവാനായിരുന്നു പൗലൊസ് അവരോട് നിർദ്ദേശിച്ചത്. ക്രിസ്തുവിന്റെ ഉപദേശങ്ങൾ മാനുഷിക പരിമിതികളെ കുറിച്ചുള്ള ചോദ്യങ്ങളുയർത്തുന്നതാണ്.

വിശ്വാസികകളെ അവരുടെ വിശ്വാസം സ്വയ-പരിശോധനക്കും മാനസാന്തര ത്തിനും ഇടയാക്കും. വിശ്വാസത്തിന്റെ **കട്ടിയായ ആഹാരം** കഴിക്കണമെന്ന വെല്ലുവിളി കൊരിന്ത്യ ക്രിസ്ത്യാനികൾ ഏറ്റെടുത്തില്ല. ക്രിസ്തുവിൽ വളരു വാനും പക്വതയിലെത്തുവാനും കഴിയാതിരുന്നതിന്റെ കാരണം അവരുടെ പ്ര ാകൃതമനസ് ആയിരുന്നു. ഇപ്പോഴും നിങ്ങൾക്ക് കഴിയുന്നില്ല എന്ന് പൗലൊസ് പറഞ്ഞ് അവരുടെ ബാലിശമായ വഴികൾ ഉപേക്ഷിക്കുവാൻ അപ്പൊസ്ത ലലൻ നിർദ്ദേശിക്കുകയായിരുന്നു. അവർ കൂടുതൽ പക്വതയുള്ള മനസി ലാക്കലിലേക്ക് ഉയരുകയും, ക്രമേണ വിശുദ്ധ ജീവിതം നയിക്കുവാനുമാണ് അവൻ ആഗ്രഹിച്ചത്.

**വാക്യം 3**. ആളുകൾ ആത്മാവിനാൽ (*ന്യൂമാറ്റികോയി*; 3:1) നയിക്കപ്പെ ടുന്നതിനുപകരം കൊരിന്ത്യർ ജഡത്താൽ (*സർകികോയി*; 3:3) നയിക്കപ്പെട്ടു എന്നാണ് പൗലൊസ് അവരെ കുറ്റപ്പെടുത്തിയത്. ഗൂഢമായ ജ്ഞാനവും വിവേകവും ഉള്ളതിനാൽ, അവർ ആത്മിയരാണെന്നാണ് ധരിച്ചിരുന്നത്. അവർ പക്വത അവകാശപ്പെട്ടിരുന്നു. എങ്ങനേയായാലും, അവർ **ജഡികന്മാർ** ആണെ ന്നതിനുള്ള തെളിവുകൾ അപ്പൊസ്തലൻ ധരിപ്പിച്ചു. അവരുടെ അപക്വതയുടെ ലക്ഷണങ്ങൾ **അസൂയയും, ഈർഷ്യയും** ആയിരുന്നു.

ഏതൊരു മനുഷ്യ ഹൃദയത്തിലും ഒളിഞ്ഞു കിടക്കുന്ന പാപേഛയെയാണ് മറ്റേതൊരു പുതിയ നിയമ എഴുത്തുകാരേയും പോലെ, പൗലൊസ് ഇവിടെ "ജഡം" (σάρξ, *സാർക്സ്*) സൂചിപ്പിച്ചത്. അത്തരം ഇഛകൾ പ്രത്യക്ഷമായോ, നിഗൂഢമായോ ഉള്ള പ്രവൃത്തികൾ കാണിച്ചേക്കാം. അവർ പ്രത്യേക ജ്ഞാന ത്തിലാണെന്ന രീതിയിൽ അന്യോന്യം കലഹിച്ചും മൽസരിച്ചും കഴിയുന്നതിന ാൽ, പൗലൊസിന് അവരെ കർത്താവിന്റെ അടുക്കലെത്തിക്കുവാൻ വിഷമം നേരിട്ടു. അവർ ആത്മികരല്ല, "ജഡികന്മാർ" എന്ന് തെളിയിച്ചിരുന്നതിനാൽ പൗലൊസ് വിസ്മയിച്ചു. ജെ. ഏ. മോടിയെർ എഴുതി, "പാപത്തിന്റെ ശക്ത മായ തത്വമാണ് അത്"[1] ആദ്യം അവർ ജഡികന്മാർ ആയിരുന്നു. ക്രിസ്തുവിൽ ശിശുക്കളായി തന്നെ തുടർന്നവരിൽ ജഡത്തിന്റെ പ്രവൃത്തികൾ കാണു മ്പോൾ, അത് മനസിലാക്കുവാൻ പ്രയാസമില്ല. പൗലൊസ് നോക്കിയപ്പോൾ, വർഷങ്ങൾ കഴിഞ്ഞിട്ടും അവരിൽ ആത്മിയ പക്വത കാണുന്നില്ലായിരുന്നു. അവർ പുറകിലേക്ക് നോക്കി തങ്ങളെതന്നെ പരിശോധിക്കുവാനാണ് അപ്പൊ സ്തലൻ ആവശ്യപ്പെട്ടത്. **നിങ്ങൾ സാധാരണ മനഷ്യരെ പോലെയല്ലയോ നടക്കുന്നത്?** എന്നായിരുന്നു അവൻ ചോദിച്ചത്.

**വാക്യം 4**. കൊരിന്ത്യയിലെ ക്രിസ്ത്യാനികളെ പൗലൊസ് അഭിമുഖീകരി ച്ചത് വസ്തുതകളുമായിട്ടാണ്. ദൈവത്തിന്റെ വെളിപ്പാടിന്റെ അടിസ്ഥാനത്തി ലല്ലാത്തതിനാൽ, ലോകജ്ഞാനത്തിന് വലിയ വിലയൊന്നുമില്ല (2:6). ഞാൻ **പൗലൊസിന്റെ പക്ഷക്കാരൻ**, എന്നും ഞാൻ **അപ്പല്ലോസിന്റെ പക്ഷക്കാരൻ** എന്നും പറഞ്ഞ് പക്ഷം ചേർന്ന്, ആത്മിയമായി അവർ ശിശുക്കളായി കഴി ഞ്ഞു. മുൻപ് അപ്പൊസ്തലൻ നാല് പേരാണ് പറഞ്ഞത്, "പൗലൊസ്," "അപ്പ ല്ലോസ്," "കേഫാവ്," "ക്രിസ്തു." (1:12 ന്റെ പരാമർശം നോക്കുക). സഭയിൽ ഭിന്നത രണ്ടു പേരിൽ കേന്ദ്രീകരിച്ചായിരുന്നു മുഖ്യമായും വിഭാഗിയത എന്നു കരുതാവുന്നതാണ് രണ്ടു പേരുടേതു മാത്രമായി ചുരുക്കിയത്, ഒന്നുകിൽ പൗലൊസ് അല്ലെങ്കിൽ അപ്പല്ലൊസ്. പൗലൊസ് വാക്ചാതുര്യമില്ലാത്തവൻ ആയിരുന്നു (2 കൊ. 11:6). അപ്പല്ലൊസ് ആണെങ്കിൽ വിദ്യാഭ്യാസമുള്ളവന ും, വാഗ്മിയും, തിരുവെഴുത്തിൽ പ്രാഗത്ഭ്യമുള്ളവനും ആയിരുന്നു (പ്രവൃ.

18:24). ക്രിസ്തുവും കേഫാവും അവിടെ ശാരീരികമായി ചെന്നിരിക്കുവാനുള്ള സാധ്യത വളരെ കുറവാണ്. 3:22-ൽ കേഫാവിനെ നമുക്ക് കാണുവാൻ കഴിയുന്നുവെങ്കിലും, അത് ഒരു പക്ഷത്തിന്റെ പ്രതിനിധി ആയിട്ടല്ല.[2]

അവസാന ചോദ്യം. **നിങ്ങൾ സാധാരണ മനുഷ്യർ അല്ലയോ?** ഗ്രീക്കിൽ അത് അദൃശ്യമാണ്. ക്രിസ്തുവിന്റെ സ്വാധീനത്തിന് വിധേയരാകാത്തവരെ പോലെയാണ് മനുഷ്യരായ ഉപദേഷ്ടാക്കന്മാരോടുള്ള അവരുടെ അതിരുകവിഞ്ഞ ബന്ധം എന്നാണ് പൗലൊസ് പറഞ്ഞത്. അവർ ആത്മികരല്ല, ജഡത്തിന് അടിമപ്പെട്ടവരാണ് എന്ന് അവരുടെ സ്വഭാവം തെളിയിച്ചു. ക്രിസ്തുവിന്റെ ഏക ശരീരമെന്ന ഐക്യതക്ക് അവർ ഒരു മാനവും നൽകിയില്ല (1:10).

**വാക്യം 5**. ഗ്രീക്ക് മസ്ക്കുലീൻ ഇന്ററോഗെറ്റിവ് പ്രോനൗൺ (τίς, *ടിസ്*, "ആർ?") എന്നത് മാറി നപുംസകമായും ഉപയോഗിച്ചിരിക്കുന്നു (τί, *ടിസ്* "എന്ത്?") "അപ്പല്ലൊസ് ആർ? പൗലൊസ് ആർ?" എന്ന രീതിയിൽ പുല്ലിംഗ രൂപത്തിൽ പൗലൊസ് ഉപയോഗിക്കുമെന്നായിരിക്കാം വായനക്കാരുടെ പ്രതീക്ഷ. പകരം അവൻ നപുംസക രൂപത്തിലാണ് **അപ്പല്ലൊസ് എന്ത്**? **പൗലൊസ് എന്ത്**? എന്ന് ഉപയോഗിച്ചത്. നപുംസക സർവ്വനാമമാണ് പൗലൊസ് ഉപയോഗിച്ചതെങ്കിൽ, ആ രണ്ട് സുവിശേഷകന്മാർ മൊത്തത്തിൽ ചെയ്ത പ്രവൃത്തികളെ ആയിരിക്കാം ഉദ്ദേശിച്ചത്.[3] പട്ടണത്തിൽ സുവിശേഷ പ്രവർത്തനം നടത്തിയവർക്കായിരുന്നു കൊരിന്ത്യയിലുള്ളവർ പ്രാധാന്യം നൽകിയത്. ഗോർഡൻ ഡി. ഫ്രീ നിരീക്ഷിച്ചു, "സഭയുടെ സ്വഭാവത്തെ സംബന്ധിച്ചും അദ്ധ്യക്ഷന്മാരെ സംബന്ധിച്ചും രൂപപ്പെട്ട തെറ്റിദ്ധരിക്കപ്പെട്ടവരുടെ കാഴ്ച്ചപ്പാടിന്റെ പ്രശ്നമായിരുന്നു അത്."[4]

നിങ്ങൾ **വിശ്വസിക്കുവാൻ കാരണമായി തീർന്ന ദാസന്മാർ** മാത്രമാണ്, സുവിശേഷകന്മാർ എന്നാണ് പൗലൊസ് പറഞ്ഞത്. സുവിശേഷ പ്രസംഗത്താൽ ക്രിസ്തുവിനെയും അവന്റെ ജനത്തെയും സേവിക്കുന്നത് ആദരണിയമായ പ്രവൃത്തിയാണ്; പക്ഷെ ക്രിസ്ത്യാനികൾ സുവിശേഷകന്മാരെ ഉയർന്ന പ്രതലത്തിൽ നിർത്തി, അവർക്ക് ചുറ്റും ഓരോ സംഘമായി ചേരുന്നത് ദൈവത്തിന്റെ ഉദ്ദേശത്തെ മാനിക്കാതിരിക്കലാണ്. അത് വലിയ ഉപദേഷ്ടാക്കന്മാരായ പൗലൊസിന്റേയും അപ്പല്ലൊസിന്റെയും പേരിലായാൽ പോലും വാസ്തവമാണ്. ഇന്ന് വലിയ നേട്ടം കൈവരിക്കാത്ത സുവിശേഷകന്മാരുടെ പേരിലായാലും അതു ദൈവേഷ്ടമല്ല എന്നോർക്കുക.

പൗലൊസിന്റെ ദൈവത്തോടുള്ള ബന്ധത്തിൽ, അവൻ ഒരു ദാസൻ (δοῦλος, *ഡൗലൊസ്*); എന്നാൽ അവന്റെ സഭയോടുള്ള ബന്ധത്തിൽ, അവൻ ഒരു ശുശ്രൂഷകൻ അല്ലെങ്കിൽ "ദാസൻ" (διάκονος, *ഡയാക്കണോസ്*) ആയിരുന്നു. തന്നെയൊ അപ്പല്ലൊസിനേയോ നമിക്കത്തക്കവണ്ണം ഉയർത്തരുത് എന്നാണ് പൗലൊസ് പ്രസ്താവിച്ചത്. **ഓരോരുത്തർക്കും** (പൗലൊസിനും അപ്പല്ലൊസിനും) അവരവരുടെ നിലയിൽ **അവസരമുള്ളതുപോലെ** സേവനം നടത്തുന്നു. തങ്ങളുടെ പേരിൽ കക്ഷിചേരുവാൻ ഇരുവരും ആഗ്രഹിച്ചില്ല. ആകയാൽ കൊരിന്ത്യ സഭ യോജിച്ചു നിൽക്കണമായിരുന്നു. ക്രിസ്തീയ പക്വതയുടെ ലക്ഷണം നേട്ടമല്ല, സേവനമാണ്.

**വാക്യം 6**. കൃഷിക്കാരിൽ നിന്ന് ഒരു ചിത്രീകരണം എടുത്താണ്, പൗലൊസ് സഭയിലെ സുവിശേഷകന്മാരുടെ പങ്കിനെ വ്യക്തമാക്കിയത്. കൊരിന്തിൽ ആദ്യമായി ക്രിസ്തുവിനെ പ്രസംഗിച്ചത് പൗലൊസ് ആയിരുന്നു. അവരിൽ വിശ്വാസം മുള പൊട്ടുന്നതിന് അപ്പല്ലൊസ് നനച്ചുകൊടുത്തു. ഞാൻ നട്ടു,

അപ്പല്ലോസ് നനച്ചു, പൗലൊസിന്റേയും അപ്പല്ലോസിന്റേയും പ്രവർത്തനം ശ്ലാഘ്യമായിരുന്നു എന്നു തന്നെയാണ് പൗലൊസ് പറഞ്ഞത്. ആ രണ്ട് സുവിശേഷകന്മാർക്കിടയിൽ യാതൊരു മൽസരത്തിന്റേയും സൂചന ഇല്ലായിരുന്നു. ആത്മാക്കൾ രക്ഷ പ്രാപിക്കുമ്പോൾ, ദൈവമാണ് അവരെ വളർത്തുന്നത്. ദൈവ ദാസന്മാരാണെങ്കിലും അവരുടെ പേരിൽ പാർട്ടി സംഘടിപ്പിക്കുന്നത് കൊരിന്ത്യയിലെ ക്രിസ്ത്യാനികളെ സംബന്ധിച്ച് ഭോഷത്വമായിരുന്നു. എല്ലാ മാനുഷ വശങ്ങളെയും പിന്നിലേക്ക് മാറ്റി പൗലൊസും അപ്പല്ലോസും ദൈവ നാമത്തിന് മഹത്വം കൊടുക്കുകയായിരുന്നു (ഫിലി. 3:8, 9).

**വാക്യം 7**. പൗലൊസിന്റേയും അപ്പല്ലോസിന്റേയും ജോലി ഭൂമിയിലായിരുന്നു, എന്നാൽ കൃഷിസ്ഥലം കൊരിന്ത്യ സഭയായിരുന്നു. സുവിശേഷകന്മാർ എല്ലാവരും, മണ്ണ് ഒരുക്കി, വിത്ത് വിതച്ച്, വളവും വെള്ളവും കൊടുക്കണമായിരുന്നു. പക്ഷെ അത് ചെടിയാകുന്നതും വേരും ഇലകളും മുളക്കുന്നതുമെല്ലാം കാണുമ്പോൾ, മുൻപ് നടന്ന പരിശ്രമങ്ങൾ അപ്രത്യക്ഷമാകും. ദാസന്മാരെല്ലാം അപ്രസക്തമാകും, വളരുമാറാക്കിയതു ദൈവം അത്രെ. ക്രൂശിനാൽ ആകൃതി വരുത്തിയതാണ് ശരീരമാകുന്ന സഭ (2:2), കാരണം അതിന്റെ കൃപയുടെ സന്ദേശമാണ് സ്ത്രീപുരുഷന്മാരെ രക്ഷയിലേക്ക് നയിച്ചത്.

**വാക്യം 8**. ഒരർത്ഥത്തിൽ, മനസുകളും ഹൃദയങ്ങളും പൗലൊസിനാലും അപ്പല്ലോസിനാലും സ്വാധീനിക്കപ്പെട്ടിരുന്നു, വചനം പ്രസംഗിക്കുന്ന മറ്റെല്ലാവരും ഒന്നു തന്നെയാണ്. എൻആർഎസ്‌വി അർത്ഥം ശരിയായി എടുത്തിരിക്കുന്നു: "നടുന്നവനും നനക്കുന്നവനും പൊതുവായ ഒരു ഉദ്ദേശമാണ് ഉള്ളത്." അതേ സമയത്ത്, ഓരോ സുവിശേഷകന്റേയും കഴിവുകൾ പ്രത്യേകതയുള്ളതാണ്. ഓരോരുത്തൻ താന്താന്റെ രീതിയിൽ പ്രവർത്തിക്കുമെങ്കിലും, അത് സഭയുടെ വളർച്ചക്ക് കാരണമായി തീരുന്നു. അവസാനം ദൈവം എല്ലാം പരിശോധിച്ച് **ഓരോരുത്തനന്റെ പ്രവൃത്തിക്ക് തക്ക പ്രതിഫലം കൊടുക്കും**. പൗലൊസും അപ്പല്ലോസും മറ്റു സുവിശേഷകരും സത്യം പഠിപ്പിച്ചതിനെ കൊരിന്ത്യസഭ അനുമോദിച്ചിരുന്നു. പക്ഷെ വിഭാഗീയ പ്രവണത ഒഴിവാക്കണമായിരുന്നു. അവരെ സംബന്ധിച്ച് വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങൾക്കനുസരിച്ച് ക്രിസ്തുവിന്റെ ശരീരത്തെ വിഭാഗിക്കുന്നതിന് യാതൊരു ഒഴികഴിവുമില്ലായിരുന്നു.

തന്നെയും അപ്പല്ലോസിനേയും, മറ്റുള്ളവരെ അന്തർലീനമാക്കിയും പൗലൊസ് "ഓരോരുത്തന് അവനവന്റെ പ്രതിഫലം ലഭിക്കുമെന്ന് പറഞ്ഞത് അപ്രതീക്ഷിതമായിരുന്നു" (3:14). കൂലിക്ക് ആക്കിയ വ്യക്തിക്ക് "കൂലി" (μισθός, *മിസ്തോസ്*) എന്ന ഗ്രീക്ക് വാക്ക് ആണ് ഉപയോഗിച്ചിരിക്കുന്നത്, ആ വാക്ക് തർജിമ ചെയ്തിരിക്കുന്നത് "വേതനം" [എൻഏഎസ്ബി], "വേതനങ്ങൾ" റോമ. 4:4; [എൻഐവി]. അഭക്തരെ രക്ഷിക്കുന്ന ദൈവം പ്രവർത്തിക്കുന്നവനു കൂലി കൊടുക്കാതിരിക്കുകയില്ല എന്ന് അതേ അപ്പൊസ്തലൻ മറ്റൊരു ഭാഗത്തു പറയുന്നു. സുവിശേഷം പ്രസംഗിക്കുന്നില്ല എങ്കിൽ താൻ യോഗ്യതയില്ലാത്ത ദാസനാകും എന്നു പൗലസ് പറഞ്ഞിരിക്കുന്നു (1 കൊ. 4:1; 9:16; 1 തിമൊ 1:15; ലൂക്കൊ. 17:10 നോക്കുക). വിശ്വാസിയുടെ വിശ്വാസം "നീതിക്കായി മതിപ്പുളവാക്കുന്നു" (റോമ. 4:3: എൻഐവി). മനുഷ്യന്റെ യോഗ്യത കൂടാതെയുള്ള ദൈവത്തിന്റെ കൃപാസന്ദേശത്തിലായിരുന്നു പൗലൊസിന്റെ ഊന്നൽ, അതോടൊപ്പം മനുഷ്യരെ തങ്ങളുടെ ഉത്തരവാദിത്വത്തിൽനിന്നു അപ്പൊസ്തലൻ ഒഴിവാക്കുന്നുമില്ല. പകലിൽ ഒരു നാഴിക മാത്രം ജോലി

ചെയ്തിട്ടും പ്രതിഫലം കൊടുക്കുന്ന രീതിയിലാണ് വേലക്കാർക്ക് കൂലി നൽകുന്നത് (മത്താ. 20:8). നീതീകരണം യോഗ്യതയുടെ അടിസ്ഥാനത്തിൽ നൽകുന്ന ഒന്നല്ല, എന്നാൽ സ്വർഗത്തിൽ വിശ്വാസം അർപ്പിക്കുന്നതിന്റെ അനന്തരഫലമാണ് (റോമ. 2:13).

**വാക്യം 9**. ഗ്രീക്കിൽ 3:9-ൽ ദൈവത്തിന്റെ എന്നത് ആദ്യം സംബന്ധകാരകമായി ഉപയോഗിച്ചിരിക്കുന്നു, അത് അക്ഷരികമായി പറയുന്നത്, “ദൈവത്തിന്റെ നാം കൂട്ടുവേലക്കാർ” എന്നാണ്. ദൈവത്തിൽ പ്രത്യേക ഊന്നൽ കൊടുത്തിരിക്കുന്നു. ക്രിസ്തീയ പരിശ്രമങ്ങളുടെയെല്ലാം കേന്ദ്രബിന്ദു ദൈവമാണ് എന്നു പൗലൊസ് സൂചിപ്പിക്കുന്നു. ഇപ്പോൾ പറയുന്ന പൗലൊസും അപ്പല്ലൊസും **ദൈവത്തിന്റെ കൂട്ടുവേലക്കാർ** അത്രെ, അങ്ങനെയാണെങ്കിലും അവർ ദൈവത്തിന്റെ ദാസന്മാർ മാത്രമായിരുന്നു. ക്രിസ്തുവിന്റെ ദാസൻ എന്ന വാക്ക് ദൈവത്തോടുള്ള ബന്ധത്തെയാണ് സൂചിപ്പിക്കുന്നത്. സ്വാർത്ഥതക്കോ, സ്വ-മഹത്വത്തിനോ, പ്രതാപത്തിനോ സ്ഥാനമില്ല. ശരീരം ജന്മനാ ഒന്നാണ്. കൊരിന്ത്യർ **ദൈവത്തിന്റെ കെട്ടിടവും**, വയലുമായിരുന്നു. കൃഷിയിൽ നിന്ന് അപ്പൊസ്തലൻ ആലങ്കാരികമായി നിർമ്മാണത്തിലേക്കാണ് നീങ്ങുന്നത് (3:10-17). പൗലൊസിന്റെ ആലങ്കാരിക പദ പ്രയോഗങ്ങളായ - “കൂട്ടുവേലക്കാർ,” “വയൽ,” “കെട്ടിടം” - എന്നിവയെ വായനക്കാർ കൂടുതൽ വിശദീകരണം തേടണമെന്നില്ല. ദൈവദാസന്മാരുടെ പ്രവൃത്തികളെല്ലാം ദൈവത്തിൽ കേന്ദ്രീകരിക്കണമെന്നതായിരുന്നു പൗലൊസിന്റെ പോയിന്റ്, അവരുടെ പ്രവൃത്തികളെ ഓരോന്നും വിശദമാക്കുന്നില്ല. സഭയുടെ ഐക്യതയായിരുന്നു അവന്റെ ആഹ്വാനത്തിന്റെ ഉദ്ദേശം.

## ദൈവത്തിന്റെ കെട്ടിടം; ദൈവ മന്ദിരം
## (3:10-17)

ഓരോ വിശ്വാസിയും പക്വതയിലെത്തുവാനും, ശരീരത്തിന്റെ ഐക്യത നിലനിർത്തുവാനും ദൈവകൃപയിൽ ആശ്രയിച്ചു ക്രിസ്ത്യാനികൾ തങ്ങളുടെ ഉത്തരവാദിത്തം നിറവേറ്റുക എന്ന ലക്ഷ്യമായിരുന്നു പൗലൊസിന്റേയും അപ്പല്ലൊസിന്റെയും പ്രവർത്തികളിൽ ഉണ്ടായിരുന്നത്. ഈ പ്രായോഗിക പാഠം പൗലൊസ് സുവിശേഷകന്മാരിൽ നിന്നു സഭയിൽ മൊത്തമായി ആവശ്യമാണെന്ന് വ്യക്തമാക്കുന്നു. കെട്ടിടനിർമ്മാണത്തിൽ, അവനവന്റെ പങ്കു നോക്കി ഘടന ഉറപ്പുള്ളതാണോ എന്നു പരിശോധിക്കണം. അവസാനം, സഭയുടെ താരതമ്യം നോക്കിയാൽ മാതം പോരാ എന്നാണ് അപ്പൊസ്തലൻ പറയുന്നത്. ക്രിസ്തുവിന്റെ സഭ എന്നു പറയുന്നത്, ദൈവം വസിക്കുന്ന ഒരു ഇടനാഴി പോലെയാണ്.

### നിങ്ങൾ എങ്ങനെ പണിയുന്നുവെന്നു നോക്കിക്കൊൾക (3:10-15)

**[10]എനിക്കു ലഭിച്ച ദൈവകൃപക്ക് ഒത്തവണ്ണം ഞാൻ ജ്ഞാനമുള്ളോരു പ്രധാനശിൽപിയായി അടിസ്ഥാനം ഇട്ടിരിക്കുന്നു; മറ്റൊരുത്തൻ മീതെ പണിയുന്നു; താൻ എങ്ങനെ പണിയുന്നു എന്ന് ഓരോരുത്തൻ നോക്കിക്കൊള്ളട്ടെ. [11]യേശുക്രിസ്തു എന്ന ഇട്ടിരിക്കുന്ന അടിസ്ഥാനമല്ലാതെ മറ്റൊന്ന് ഇടുവാൻ ആർക്കും കഴികയില്ല. [12]ആ അടിസ്ഥാനത്തിന്മേൽ ആരെങ്കിലും, പൊന്നു, വെള്ളി, വിലയേറിയ കല്ല്, മരം, പുല്ല്, വൈക്കോൽ എന്നിവ**

**പണിയുന്നുവെങ്കിൽ, അവനവന്റെ പ്രവൃത്തി വെളിപ്പെട്ടു വരും. [13]ആ ദിവസം അതിനെ തെളിവാക്കും. അത് തീയോടെ വെളിപ്പെട്ടുവരും. ഓരോരുത്തന്റെ പ്രവൃത്തി ഇന്നവിധം എന്ന് തീ തന്നെ ശോധന ചെയ്യും. [14]ഒരുത്തൻ പണിത പ്രവൃത്തി നിലനിൽക്കുമെങ്കിൽ അവന്നു പ്രതിഫലം കിട്ടും. [15]ഒരുത്തന്റെ പ്രവൃത്തി വെന്തുപോയെങ്കിൽ അവന്നു ചേതം വരും. താനോ രക്ഷിക്കപ്പെടും, എന്നാൽ തീയിൽകൂടെ എന്നത്രെ.**

**വാക്യം 10**. പൗലൊസും അപ്പല്ലൊസും സഭയെയും ക്രിസ്തുവിനേയും ആണ് സേവിച്ചതെന്നു കൊരിന്ത്യരെ മനസിലാക്കി കൊടുപ്പാൻ പൗലൊസ് കൃഷി ചെയ്യുന്നതിനേയും കെട്ടിട നിർമ്മാണത്തെയും ചിത്രീകരിക്കുകയായിരുന്നു. അവരിൽ ആരും ഒറ്റക്ക് നിന്നില്ല. ക്രിസ്ത്യാനി ഒറ്റക്കു നിന്നാലും, പക്ഷം ചേർന്നാലും അത് ദൈവത്തെ ആദരിക്കാതിരിക്കുന്ന പ്രവൃത്തിയാണ്. ആ ദാസന്മാർ പ്രവർത്തിച്ച വയൽ സഭയായിരുന്നു.

മറ്റൊരു വിധത്തിൽ ചിന്തിച്ചാൽ സഭ ദൈവത്തിന്റെ മന്ദിരമാണ്. "കെട്ടിടം" എന്ന രൂപകാലങ്കാരം ഉപയോഗിച്ച് പൗലൊസ്, അപ്പല്ലൊസും താനും കൊരിന്ത്യർക്കിടയിൽ ചെയ്ത പ്രവൃത്തികൾ ബോധ്യപ്പെടുത്തുകകയായിരുന്നു. വയൽ എന്ന അലങ്കാര പ്രയോഗവും അവർക്ക് മനസിലാക്കുവാൻ കഴിയാത്തതായിരുന്നില്ല.

ദൈവ കൃപയാൽ പൗലൊസിന് കൊരിന്തിൽ സഭക്ക് **ഒരു അടിസ്ഥാനം ഇടുവാൻ** കഴിഞ്ഞു. അപ്പൊസ്തലൻ തന്നെ ഒരു ശിൽപി (ἀρχιτέκτων, *ആർക്കിടെക്ടർ*; "പ്രധാന ശിൽപി") ആയി പറഞ്ഞിരിക്കുന്നു.[5] ഒരു ശിൽപി എന്ന നിലയിൽ പൗലൊസ് കൊരിന്തിൽ സഭക്ക് അടിസ്ഥാനമിട്ടു. ആ അടിസ്ഥാനത്തിന്മേൽ അപ്പല്ലൊസ് പണിതു. അവൻ നന്നായി പണിയുകയും മറ്റുള്ളവരുടെ പങ്ക് അവർ ജ്ഞാനത്തോടെ നിർവ്വഹിക്കണമെന്നും അവർ പ്രതീക്ഷിച്ചിരുന്നു. വേറെ ചിലർ അശ്രദ്ധയോടെ നിലനിൽക്കാത്ത വസ്തുക്കളാൽ പണിതു. ആ സമയത്ത് തങ്ങളുടെ വേലക്ക് അപ്പുറമായി പണിയുന്നവർ, തങ്ങൾ എങ്ങനെ പണിയുന്നു എന്നു പരിശോധിക്കുവാൻ അപ്പൊസ്തലൻ പറയുന്നു. അപ്പല്ലൊസിനു ശേഷം പിന്നീട് പണിയുന്നവർ തങ്ങൾ എങ്ങനെയാണ് പണിയുന്നത് എന്ന് മനസിലാക്കി പണിതില്ലെങ്കിൽ അവരുടെ പ്രവൃത്തി നിലനിൽക്കുകയില്ല എന്നാണ് അവൻ പറയുന്നത്. അടിസഥാനത്തെ കുറിച്ച് അവൻ ഏകവചന വിശേഷണത്തിലും വർത്തമാന കാലത്തിലും പറഞ്ഞ ശേഷം, **മറ്റൊരുത്തൻ അതിനു മീതെ പണിയുന്നു** എന്നു വ്യക്തമാക്കി.

വേറൊരുത്തൻ എന്ന് പൗലൊസ് പറയുമ്പോൾ, അവന്റെ മനസിൽ അപ്പല്ലൊസ് ആയിരുന്നില്ല. ഇതെഴുതുമ്പോൾ, അപ്പല്ലൊസ് പട്ടണത്തിൽ ഇല്ലായിരുന്നു (1 കൊ. 16:12). കൊരിന്തിലുണ്ടായിന്ന ഒരു സുവിശേഷകനായിരുന്നു പൗലൊസ് ഉദ്ദേശിച്ചത്, അയാൾ അപ്പല്ലൊസിന്റെ പേർ വിഭാഗീയതക്കായി വലിച്ചിഴച്ചു കാണും. ആ സുവിശേഷകനാട് പൗലൊസ് മുന്നറിയിക്കുന്നത് **ഓരോരുത്തൻ എങ്ങനെ പണിയുന്നു എന്ന് അറിഞ്ഞുകൊള്ളട്ടെ**. സുവിശേഷകനാണെന്ന് ഒരാൾ ഊഹിക്കുന്നത്, അയാൾക്കും സഭക്കും ഹാനികരമാണ്. ഒരു സുവിശേഷകൻ തന്റെ ഉത്തരവാദിത്തത്തെ മനസിലാക്കിയില്ലെങ്കിൽ അപകടമായിരിക്കുമെന്ന് യാക്കൊബിനെ പോലെ പൗലൊസും മുന്നറിയിക്കുകയാണ് (യാക്കൊ. 3:1).

**വാക്യം 11.** "ക്രൂശിക്കപ്പെട്ട ക്രിസ്തു" ആയിരുന്നു പൗലൊസ് കൊരി

ന്തിൽ ഇട്ട അടിസ്ഥാനം (2:2). പൗലൊസ് ഇട്ടതിന് വിപരീതമായ അടിസ്ഥാനം ഇടുന്നതാണ് മനുഷ്യ സുവിശേഷകന്മാരുടെ പേരിൽ ഭിന്നത ഭവിക്കുന്ന ഏതു ഘടനയും, കൊരിന്തിലെ ഭിന്നത തെളിയിക്കുന്നത്, അവർ ആദ്യത്തെ പൗലൊസിന്റെ ഉപഘടന തള്ളിക്കളഞ്ഞു എന്നാണ്. **ഇട്ടിരിക്കുന്ന അടിസ്ഥാനമല്ലാതെ മറ്റൊന്ന് ഇട്ടാൽ,** ജീവൻ, രക്ഷ, പ്രത്യാശ എന്നിവ ലഭിക്കുമെന്ന് ഒരു മനുഷ്യനും വിചാരിക്കരുത്. പൗലൊസ് ഇട്ടതായ അടിസ്ഥാനത്തിന്മേൽ, ലോകജ്ഞാനത്താൽ പണിയുവാൻ ആഗ്രഹിച്ചാൽ, ഫലം ഭിന്നതയായിരിക്കും; ചുരുക്കത്തിൽ, ക്രിസ്തുവിന്റെ സഭയിൽ അംഗമാകുവാൻ ആഗ്രഹിക്കുന്ന വരെ ചോദ്യം ചെയ്യിക്കുന്നതാണ് മൽസരിച്ച് അടിസ്ഥാനമിടുന്നത്.

**വാക്യം 12.** ക്രിസ്തുവിൽ ആയ കൊരിന്ത്യ സഭക്ക് അടിസ്ഥാനമിട്ടത് പൗലൊസ് ആയിരുന്നു; അതായത് ക്രിസ്ത്യാനിത്വത്തിന്റെ അടിസ്ഥാന ഉപദേശം അവനായിരുന്നു അവരെ പഠിപ്പിച്ചത്. മശിഹയെ ദൈവം വാഗ്ദാനം ചെയ്തതും, അവൻ കഷ്ടതയേറ്റതും, ആ വാഗ്ദാനം യേശു നിറവേറ്റിയതും എല്ലാം അപ്പൊസ്തലൻ അവരെ പഠിപ്പിച്ചിരുന്നു (ലൂക്കൊ. 24:46, 47; പ്രവൃ. 17:3). അടിസ്ഥാനപരമായ ഉപദേശങ്ങൾ അവർക്ക് നൽകിയതിനു പുറമെ, ക്രിസ്ത്യാനികൾ വളരേണമെന്നും അവൻ അവരെ പ്രബോധിപ്പിച്ചു. ശിശുക്കൾ സമീകൃതാഹാരം കുടിച്ചു വളരുന്നതുപോലെ, അവർ വിശ്വാസത്തിൽ വളർന്ന് വിശ്വസ്തത പ്രാപിക്കുവാൻ അവരെ ഉത്തേജിപ്പിച്ചു (1 കൊ. 3:2). ഒരു ചെടി നട്ടാൽ അടിസ്ഥാനപരമായി അതിന് വെള്ളവും വളവുമിട്ടുകൊടുത്തു വളരുവാൻ സഹായിക്കണം. ശരിയായ രീതിയിലായിരുന്നു കൊരിന്തിൽ അടിസ്ഥാനമിട്ടത് എന്നു പൗലൊസിന് ധൈര്യത്തോടെ പറയുവാൻ കഴിഞ്ഞു. പക്ഷെ അവൻ ഇട്ടതായ അടിസ്ഥാനത്തിന്മേൽ അവർ ഇപ്പോൾ ശരിയായ നിർമ്മാണം അല്ല നടത്തുന്നത്. കൊരിന്തിലെ ഉപദേശവും പരിശീലനവും രണ്ടു തരം കൊട്ടിടസാമഗ്രികൾ ഉപയോഗിച്ചായിരുന്നു പണി. തത്. ചിലർ പത്ഥ്യ വചനപ്രകാരം ദൈവത്തിനു മഹത്വം കൊടുത്തപ്പോൾ, മറ്റുള്ളവർ വിരുദ്ധമായിട്ടാണ് പ്രവർത്തിച്ചത്.

അപ്പൊസ്തലൻ ഉപയോഗിച്ച കെട്ടിട സാമഗ്രികൾ എന്ന ഉപമക്ക് അധികം വിശദീകരണത്തിന്റെ ആവശ്യമില്ല. നല്ല കെട്ടിട നിർമ്മാണ ഘടനക്ക് പൊന്നും വെള്ളിയും ഉപയോഗിക്കുന്നതിനേക്കാൾ പ്രായോഗികം കല്ലും മരവുമാണ്. കെട്ടിടത്തിന്റെ ഘടനയും നിർമ്മാണവുമാണ് ഒരു കെട്ടിടത്തെ ഉറപ്പുള്ളതാക്കുന്നത് എന്നു മനസിലാക്കുന്നതാണ് പൊലൊസിന്റെ ഉപമ. ഒരു നല്ല ശിൽപി, കെട്ടിടത്തിന്റെ ഘടനയും പണിയും ഉറപ്പുള്ളതാണോ എന്നു നോക്കാതെ അതിൽ പൊന്നോ, **വിലയേറിയ കല്ലോ** വെച്ചു പണിയുവാൻ പറയുകയില്ല. ക്രിസ്തുവിന്റെ അടിസ്ഥാനത്തിന്മേലാണ് ആളുകൾ വിലയേറിയ വസ്തുക്കൾ ഉപയോഗിച്ച് പണിയുന്നതെങ്കിൽ കൊള്ളാം. ക്രിസ്തുവിനു പകരം പൗലൊസിന്റേയും അപ്പല്ലൊസിന്റേയും പേരെടുത്ത് **പുല്ല്, മരം, വൈക്കോൽ** എന്നിവയാൽ പണിയുന്നവർ പ്രപഞ്ചത്തിന്റെ കർത്താവിന് മാന്യത കൽപിക്കാതിരിക്കുകയാണ്. ലോകം അതിനെതിരായി എന്തു കൊണ്ടുവന്നാലും ആളുകളുടെ താൽപര്യപ്രകാരം സഭയെ പരിഷ്ക്കരിക്കുവാൻ നോക്കുമ്പോൾ, അത് ഘടനയെ ബാധിക്കും. അങ്ങനെ ചെയ്യുന്നതിനെ ഒന്നുകിൽ ഇടിച്ചുകളയുകയോ അല്ലെങ്കിൽ തീക്കിരയാക്കുകയോ ചെയ്യുമെന്നാണ് പൗലൊസ് പറഞ്ഞത്. സഭയിലെ വ്യക്തികളായ അംഗങ്ങളായിരുന്നില്ല, മറിച്ച് സഭ ആയിരുന്നു പൗലൊസിന്റെ വിഷയം. അവരുടെ നീതി പ്രവൃത്തികളാലല്ല, വ്യക്തി

കളെ ദൈവം രക്ഷിച്ചത്. എല്ലാവർക്കും ദൈവകൃപ ആവശ്യമാണ്. "പുല്ല്," "മരം," "വേക്കോൽ," എന്നിവയാലാണോ പണിയുന്നത് എന്നു ഓരോരുത്തരും പരിശോധിക്കണം.

തീർച്ചയായും, താൻ ഇട്ട ഇടിസ്ഥാനത്തിന്മേൽ പണിയുന്നവൻ എങ്ങനെ പണിയുന്നു എന്ന് നോക്കി കൊള്ളട്ടെ എന്നായിരുന്നു അപ്പൊസ്തലൻ പറഞ്ഞത്. ലോകത്തിൽ എല്ലായിടത്തുമുള്ള സഭകൾക്കും, എല്ലാ ഇടവകകൾക്കും തുല്യമായി പ്രാധാന്യമുള്ള രീതിയിലായിരുന്നു പൗലൊസ് കൊരിന്ത്യ സഭയോട് നിർദ്ദേശിച്ചത്. ക്രിസ്തുവിനോട് ചേരുവാനായി ഓരോരുത്തരും പരിവർത്തനശേഷം എങ്ങനെ പ്രവർത്തിക്കുന്നുവെന്ന് സൂക്ഷിക്കണം, ഈ സന്ദ്രർഭത്തിൽ ഓരോരുത്തരുടേയും വിശ്വാസത്തെ വളർത്തുന്നതിനെ കുറിച്ചല്ല പൗലൊസ് സംസാരിക്കുന്നത്.

**വാക്യം 13.** "ആരെങ്കിലും പണിയുന്നുവെങ്കിൽ ..." എന്നു പറഞ്ഞാണ് പൗലൊസ് 3:12 ആരംഭിക്കുന്നത്. ചില സാദ്ധ്യതകൾ നൽകിയ ശേഷം, അവൻ ഇപ്പോൾ തന്റെ ചിന്ത അവസാനിപ്പിക്കുവാൻ പോകുന്നു. പണിയുന്നവന്റെ പണി ഉടനെ വെളിപ്പെടണമെന്നില്ല; എങ്ങനെയായാലും, കുറെ കഴിയുമ്പോൾ ഓരോരുത്തന്റെ പ്രവൃത്തി വെളിപ്പെട്ടുവരും. ഗ്രീക്കിൽ ഇത്തരം നിബന്ധനാവാചകത്തിലെ (ദ "എങ്കിൽ" എന്ന ക്ലോസ്) വാസ്തവമെന്ന് തെളിയിക്കുന്നു. കൊരിന്തിലെ ഉപദേഷ്ടാക്കന്മാർ, വാസ്തവത്തിൽ, പൗലൊസ് ഇട്ട അടിസ്ഥാനത്തിന്മേൽ വിവിധ രീതിയിലായിരുന്നു പണിതത്. കാലം കഴിയുമ്പോൾ ഓരോരുത്തന്റെ പണി **തീയാൽ വെളിപ്പെട്ടു വരും** എന്നു പറഞ്ഞിരിക്കുന്നു. ദൈവമാണ് **ഓരോ പ്രവൃത്തിയേയും ശോധന ചെയ്യുന്നത്**.

പൗലൊസ് നൽകുന്ന വിപുലമായ രൂപരേഖ വ്യക്തമാക്കുന്നത്, ഒരാൾ തന്റെ വാക്കുകളെ ശ്രദ്ധയോടെ പരിശോധിച്ചാൽ വിശ്വസ്തത തെളിഞ്ഞുവരും. ഉദാഹരണമായി, "അത് തീയാൽ വെളിപ്പെട്ടുവരും" എന്ന പദപ്രയോഗത്തിലെ "അത്" എന്നതു കീഴ്‌വഴക്കമനുസരിച്ച് മനസിലാക്കുവാൻ പ്രയാസമാണ്. എന്തായിരിക്കും തീയാൽ വെളിപ്പെടുന്നത്? ഒരു മനുഷ്യന്റെ പ്രവൃത്തി തീയാൽ ശോധന ചെയ്യും എന്നു അർത്ഥമാകാം, അല്ലെങ്കിൽ ആ ദിവസം തീ അതിനെ വെളിപ്പെടുത്തുമെന്നായിരിക്കാം പൗലൊസ് ഉദ്ദേശിച്ചത്. രണ്ടും സന്ദർഭത്തോട് നന്നായി യോജിക്കുന്നു; എന്നാൽ തീ, സാധാരണ ന്യായവിധിയുമായി ബന്ധപ്പെട്ടതാകയാൽ (ഉദാഹരണമായി, നോക്കുക; 2 തെസ്സ. 1:7; എബ്രാ. 10:27), യേശു മടങ്ങിവരുമ്പോൾ, സാർവ്വലൗകികമായ ന്യായവിധി നടത്തുവാൻ വരുമ്പോൾ അഗ്നിജ്വാലയിൽ പ്രത്യക്ഷനാകുന്നതിനെ സൂചിപ്പിക്കുന്നതുമാകാം. അഗ്നി വസ്തുക്കളെ ശുദ്ധീകരിച്ച് കൂടുതൽ ശോഭയുള്ളതാക്കും.

"ആ ദിവസം" "ഓരോരുത്തരുടേയും പ്രവൃത്തി തെളിവാക്കും," എന്നത് സംഭവിക്കുന്നത് കർത്താവ് മടങ്ങി വരുമ്പോഴായിരിക്കാം, എന്നാൽ മറ്റൊരു സാധ്യതയുമുണ്ട്. സഭ പരീക്ഷണങ്ങളെ അഭിമുഖീകരിച്ച് വിശ്വാസത്തിൽ "അഗ്നി" പരീക്ഷ നേരിടുന്നതിനെ സൂചിപ്പിക്കുന്നതുമാകാം (1 പത്രൊ. 1:7 നോക്കുക). ഉപദ്രവം വരുവാനിടയുള്ളത്, അഭക്തരായ മനുഷ്യരിൽനിന്നും, ദുരുപദേഷ്ടാക്കന്മാരിൽ നിന്നും, സഭക്കുള്ളിലെ ചില വ്യക്തികളിൽനിന്നുള്ള വാദഗദികളിൽ നിന്നുമാകാം. ജീവിതത്തിൽ പരീക്ഷണങ്ങൾ നേരിടുന്നതിനെ അതിജീവിക്കുവാൻ കഴിയുന്നത്, അവർ എപ്രകാരം ക്രിസ്തീയ ജീവിതം പണിതിരിക്കുന്നു എന്നതിനെ ആസ്പദമാക്കിയാണ്. "വൈക്കോലും, മരവും,

ഇഷ്ടികയും[6] ഉപയോഗിച്ച് പന്നികൾ ചെറിയ വീടുണ്ടാക്കിയ കഥകൾ കുട്ടികളെ പഠിപ്പിക്കുന്നത് ഓർമ്മിക്കുന്നതാണ് പൗലൊസ് പറഞ്ഞ പണി. ഒരു ദിവസം ചെന്നായ് ആ വാതിലിൽ കൂടെ കടന്നപ്പോൾ, വീട് പൊളിഞ്ഞുപോയി എന്നതാണ് കഥ; വീടുപണിക്ക് ഉപയോഗിക്കുന്ന വസ്തുക്കളുടെ മേന്മയാണ് വീടിനെ നിലനിർത്തുന്നത്. അതുപോലെ, ക്രിസ്ത്യാനികളായ വ്യക്തികൾ പരീക്ഷിക്കപ്പെടുമ്പോഴാണ്, അവരുടെ കുടുംബം ഉൾപ്പെടുന്ന ഇടവകയെ ബാധിക്കുന്നത്. ആത്മാവ് വെളിപ്പെടുത്തിയ സത്യത്തിൽ വേരൂന്നിയാൽ സഭയിലെ വ്യക്തികളും കുടുംബങ്ങളും പ്രതികൂലങ്ങളിലും പ്രതിസന്ധികളിലും വിശ്വസ്തരായി നിലകൊള്ളും. പരീക്ഷകൻ വിശ്വാസികളുടെ ജീവിത്തത്തിൽ എന്തെല്ലാം നിരത്തിയാലും അവർ വെളിപ്പെടുത്തിയ സത്യത്തിൽ ഉറച്ചു നിന്നാൽ പതറിപ്പോകുകയില്ല.

**വാക്യം 14**. സുവിശേഷ വിത്തു വിതെക്കുന്നവർക്കും, നനച്ചു വളർത്തുന്നവർക്കും "പ്രതിഫലം" അഥവാ "കൂലി" ലഭിക്കുമെന്ന്, ആദ്യം പൗലൊസ് എഴുതിയിരുന്നു (3:8). "പ്രതിഫലം" എന്നത് തെറ്റായ പ്രസ്താവനയല്ല. ഓരോരുത്തന്റേയും പ്രവർത്തിയെ തീ ശോധന ചെയ്യുമ്പോൾ, നല്ല പണി ചെയ്ത് അത് നിലനിർത്തിയ **ഓരോരുത്തർക്കും പ്രതിഫലം** ലഭിക്കും. പൗലൊസിന്റെ ചിന്തയിൽ ഒരു പിരിമുറുക്കം കാണാം: ദൈവത്തിന്റെ കൃപയാൽ ലഭിക്കുന്നതാണ് ദൈവ കൃപ (എഫെ. 2:8), എന്നാൽ അതേ സമയം, ദൈവം കേൾവിക്കാരിൽ നിന്നു സ്നേഹവും, വിശ്വാസവും അനുസരണവും പ്രതീക്ഷിക്കുന്നു.

പുല്ല്, മരം, വൈക്കോൽ എന്നിവയാൽ പണിതിരിക്കുന്നത് പുറമെ കാണുമ്പോൾ, നല്ല-ഘടനയാണ് എന്നു തോന്നിയേക്കാം. കെട്ടിട നിർമ്മാണ സാമഗ്രികളെ കുറിച്ച് പൗലൊസിന്റെ മുന്നറിയിപ്പ് സഭ ശ്രദ്ധിച്ചാൽ, അവർ തുടർച്ചയായി സ്വയ-പരിശോധന നടത്തും. സ്വയ-പരിശോധ നടത്തുവാനുള്ള അവസരം ലഭിക്കാതിരിക്കയില്ല. വിനോദരസം ആഗ്രഹിക്കുന്നവരെ തൃപ്തിപ്പെടുത്തുവാനാണോ നമസ്ക്കാരം? ദൈവത്തെ കുറിച്ചുള്ള നമ്മുടെ തോന്നലുകളും സത്യത്തെ അറിയുവാനുള്ള നമ്മുടെ അധിക പരിശ്രമവും ക്രിസ്തീയ വിശ്വാസമാകുമോ? പൗലൊസിന്റെ കൊരിന്ത്യർക്കുള്ള ലേഖനത്തോടുകൂടി അവസാനിക്കുന്നതല്ല, അപ്പൊസ്തലന്മാരുടെ അടിസ്ഥാനത്തിന്മേൽ സൂക്ഷ്മമായി പണിയുന്നത്.

**വാക്യം 15**. ന്യായവിധി തീ വരുമ്പോൾ, മനുഷ്യരുടെ ഓരോ പ്രവൃത്തിയും വെളിപ്പെട്ടുവരികയും, പുല്ല്, മരം, വൈക്കോൽ എന്നിവയാലുള്ള പണി **വെന്തുപോകയും** ചെയ്യും. തങ്ങൾ ലോകത്തെയാണ് വരിച്ചതെന്ന് ദൈവമഹത്വത്തിനായി ജീവിച്ചവർ തിരിച്ചറിയും. സ്വയ-പരിശോധന നടത്താതിരിക്കുന്ന അവരുടെ ഉപദേഷ്ടാക്കന്മാർക്ക് **ശിക്ഷ** ലഭിക്കാതിരിക്കയില്ല; നഷ്ടപ്പെട്ട പാപികളെ കർത്താവിനോടുകൂടെ നിത്യജീവിങ്കലേക്ക് നടത്തുന്നതിൽ പരാജയപ്പെട്ടിരിക്കുന്നതായി കാണപ്പെടും.

യേശുവിനെ കർത്താവായി സ്വീകരിച്ചവർ മറ്റുള്ളവരോട് ഉത്തരവാദിത്തം എങ്ങനെ നിറവേറ്റാമെന്ന് മനസിലാക്കി കൊടുപ്പാൻ അപൂർണ്ണമായ ഭൗമിക ചിത്രീകരണമാണ് ഉപയോഗിച്ചത്. പൗലൊസിന്റെ ആലങ്കാരികമായ ഭാഷയെ വിശദമാക്കുവാനായി ജെയിംസ് ഡി. ജി. ഡൺ ഇങ്ങനെ എഴുതി, "അവരുടെ ജീവിത യോഗ്യത നോക്കിയാലും, വിശ്വാസികളുടേതാണെങ്കിലും, അവർ മേൽമീശയാൽ രക്ഷിക്കപ്പെട്ടു എന്നതുപോലെയാണ്."[7] രക്ഷാദൂത് കൂടാതെ "മേൽ മീശയാൽ" രക്ഷിക്കപ്പെടും എന്നു ധരിക്കരുത്, മനുഷ്യരുടെ തെറ്റു

കൾക്കുള്ള ആനുകൂല്യമായിട്ടാണ് അപ്പൊസ്തലൻ കൃപയെ എടുത്തു കാണിച്ചിരിക്കുന്നത്. നല്ല ആത്മാർത്ഥതയുള്ള ആളുകൾ പോലും, ജീവിതത്തിൽ തെറ്റായ തിരഞ്ഞെടുപ്പ് നടത്തും. നല്ല ഉദ്ദേശത്തോടെയായാലും, ചിലപ്പോൾ അത് ദൈവജനത്തിന് ദോഷമായി ഭവിച്ചേക്കാം. ദൈവം എല്ലാവരുടേയും ഹൃദയം അറിയുന്നവനാണ്, അവരുടെ ബുദ്ധിശൂന്യമായ പ്രവൃത്തി അവരോട് ക്ഷമിക്കുന്നവനുമാണ്.

ദൈവസഭ പണിയുവാൻ ചെറിയ പരിശ്രമം നടത്തിയാലും, നടത്തിയില്ലെങ്കിലും, കൃപയാലാണ് അവർ രക്ഷിക്കപ്പെടുന്നത്, തീയിൽ കൂടെയുള്ള അഗ്നിപരീക്ഷ ഉറപ്പ് ലഘൂകരിക്കുന്നില്ല. അപ്പൊസ്തലൻ തറപ്പിച്ചു പറയുന്നത്, കൃപയെയാണ്, അല്ലാതെ നിയമത്തിന്റെ പിൻബലത്താൽ യോഗ്യത നേടുന്നതിനെയല്ല. അതേ സമയത്ത്, പണിയുന്നവൻ - അതായത്, ദൈവ ജനത്തെ പഠിപ്പിക്കുന്നവൻ - ശ്രദ്ധിച്ചാൽ ആളുകളുടെ നഷ്ടം ഒഴിവാക്കാം. അവരുടെ പരിശ്രമങ്ങൾക്ക് ഫലമില്ലാതെ പോകയുമില്ല. വരുവാനുള്ള ലോകത്തിൽ സ്വർഗത്തിലേക്കും നരകത്തിലേക്കും പോകുന്നതിന് മുൻപ് ഇടക്ക് ഒരു സ്ഥാനത്തെ കുറിച്ച് പൗലൊസ് പറയുന്നു. അപ്പൊസ്തല കാലം കഴിഞ്ഞ് ഏതാനും നൂറ്റാണ്ടുകൾക്ക് ശേഷമാണ് ശുദ്ധീകരണസ്ഥലത്തെ ചിലർ എടുത്തിട്ടത്. "താനോ രക്ഷിക്കപ്പെടും," എന്നാൽ തീയിൽ കൂടെയത്രെ എന്നത് ശുദ്ധീകരണത്തെ കുറിച്ചു പറയുന്നതല്ല എന്നു മനസിലാക്കുക. മരണശേഷം അക്ഷരികമായ ഒരു ശുദ്ധീകരണമില്ല.

### നിങ്ങൾ ദൈവത്തതിന്റെ മന്ദിരം (3:16, 17)

**[16]നിങ്ങൾ ദൈവത്തിന്റെ മന്ദിരം എന്നും ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എന്നും അറിയുന്നില്ലയോ? [17]ദൈവത്തിന്റെ മന്ദിരം നശിപ്പിക്കുന്നവനെ ദൈവം നശിപ്പിക്കും. ദൈവത്തിന്റെ മന്ദിരം വിശുദ്ധമല്ലൊ; നിങ്ങളും അങ്ങനെ തന്നെ.**

**വാക്യം 16.** ദൈവത്തിന്റെ ആത്മാവ് വസിക്കുന്ന ദൈവത്തിന്റെ മന്ദിരം എന്നു ഈ വാക്യത്തിൽ പറയുന്നത് വ്യക്തിയെ കുറിച്ചല്ല എന്ന് ഓർക്കുക. "ദൈവത്തിന്റെ മന്ദിരം" എന്നു പറയുന്നത് വിശ്വാസ സമൂഹമായ സഭയാണ്. ഇവിടെ പറയുന്ന സാദൃശത്തിൽ, ആത്മാവ് വസിക്കുന്ന കെട്ടിടമെന്നു പറയുന്നത് സഭാംഗങ്ങളെയാണ്. ആത്മാവ് നിങ്ങളിൽ **വസിക്കുന്നു** എന്നു പൗലൊസ് പറഞ്ഞപ്പോൾ ബഹുവചനം (ἐν ὑμῖν, *എൻ ഹുമിൻ*) ആണ് ഉപയോഗിച്ചത്. 16 ഉം 17 ഉംവാക്യങ്ങളിൽ കാണുന്നത് ബഹുവചന സർവ്വനാമമാണ്. 1:10-ൽ പൗലൊസ് പറഞ്ഞു തുടങ്ങിയ ഐക്യതയെയാണ് ഇവിടെ അപ്പൊസ്തലൻ തുടരുന്നത്. വിശ്വാസികൾ ഒത്തു ചേരുന്ന മന്ദിരത്തിലാണ് ദൈവം വസിക്കുന്നത്. ദൈവത്തോട് ചേർന്നിരിക്കുന്നതിനാലാണ് ക്രിസ്തത്യാനികൾ പരസ്പരം ഒത്തു ചേരുന്നത്. പൗലൊസിനോടും, അപ്പല്ലൊസിനോടും, കേഫാവിനോടും പക്ഷം ചേർന്ന് വിഘടിച്ചു നിൽക്കുന്നത് കർത്താവിനെ അനാദരിക്കുന്നതിനു തുല്യമാണ്. ലേഖനത്തിൽ, പിന്നീട് പൗലൊസ് വ്യക്തികളുടെ ധാർമ്മികത എന്ന വിഷയത്തെ കുറിച്ചു പറയുമ്പോഴും (6:19), മന്ദിരം എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നു. ആത്മാവ് വ്യക്തികളായ വിശ്വാസികളിൽ വസിക്കുന്നു എന്നത് വാസ്തവമാണ്, പക്ഷെ ഇവിടെ അതല്ല പോയിന്റ്.

പൗലൊസിന്റെ പ്രബോധനത്തെ റിച്ചാർഡ് ബി. ഹെയ്സ് നന്നായി വിശദീകരിച്ചിരിക്കുന്നു:

> ഉയർത്തെഴുന്നേൽപിനും തന്റെ പരൗസിയക്കും [രണ്ടാം വരവിനും] ഇടക്ക് ലോകത്തിൽ ദൈവം എന്താണ് ചെയ്തുകൊണ്ടിരിക്കുന്നത്? ദൈവം ലോകത്തിന് സൗഖ്യവും, നിരപ്പും മുൻപു കൂട്ടി അറിയിച്ച പുതിയ സമൂഹത്തെ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. ഏറ്റുപറയുകയും നമസ്ക്കരിക്കയും ദൈവത്തിന് മഹത്വം കൊടുക്കയും ചെയ്യുന്ന സമൂഹമാണ് ദൈവത്തിന്റെ സ്നേഹഫലമായി രൂപപ്പെടുന്നത് (റോമ. 15:7–13).[8]

**വാക്യം 17.** അപ്പൊസ്തലൻ തന്റെ വാദം ചുരുക്കി ആത്മനിയന്ത്രണത്തോടെ മുന്നറിയിക്കുന്നു: തന്റെ ആലയത്തെ തുഛീകരിച്ച് അശുദ്ധമാക്കുവാന് ദൈവം ഒരിക്കലും അനുവദിക്കുന്നില്ല. അശുദ്ധമായ വിശ്വാസത്താൽ തന്റെ സഭയെ അശുദ്ധമാക്കുവാൻ ദൈവം അനുവദിക്കുന്നില്ല. ദൈവതിന്റെ മന്ദിരം നശിപ്പിക്കുന്ന വ്യക്തിയെ **ദൈവം നശിപ്പിക്കുമെന്ന്** അവൻ അറിയണം. ദൈവസാന്നിദ്ധ്യമുള്ള ദൈവത്തിന്റെ ആലയത്തെ നശിപ്പിസ്സുന്നവന് അപ്പൊസ്തലൻ ഒരു ആശ്വാസവും നൽകുന്നില്ല. ആ വ്യക്തിയെ കുറച്ചു ശിക്ഷിച്ച് രക്ഷിക്കുമെന്ന് ഒരിക്കലും കരുതരുത്. വിശുദ്ധി നിലനിൽക്കുന്ന സ്ഥാനമാണ് ദൈവത്തിന്റെ സഭ. വർഷങ്ങളായി ദൈവം സഭയെ അങ്ങനെ നിലനിർത്തിയിരിക്കന്നു. പൗലൊസിന്റെ സാദൃശത്തെ പത്രൊസ് ഇങ്ങനെ പറഞ്ഞിരിക്കുന്നു, ക്രിസ്ത്യാനികൾ "ജീവനുള്ള കല്ലുകൾ" ആണ്. അവരെ "ആത്മിക യാഗം കഴിപ്പാന്തക്കവണ്ണം വിശുദ്ധ പുരോഹിത വർഗമായി പണിയപ്പെടുന്നു" (1 പത്രൊ. 2:5).

**ദൈവത്തിന്റെ മന്ദിരം** വിശുദ്ധമായിരിക്കുന്നതു പോലെ തന്റെ വായനക്കാരും വിശുദ്ധരാകണം എന്ന് പൗലൊസ് ആഗ്രഹിക്കുന്നു. "മന്ദിരം" എന്ന വാക്ക് അപ്പൊസ്തലൻ തിരഞ്ഞെടുത്തിരിക്കുന്നതിൽ ആന്തരികമായ വിശുദ്ധ സ്ഥലയും ( ἱερόν, *ഹയെറോൺ*), അതിവിശുദ്ധസ്ഥലവും (ναός, *നാവോസ്*), സാധനങ്ങൾ സൂക്ഷിക്കുന്ന ഭാഗവും, പ്രാകാരവും, ഗോപുര ഭാഗവുമെല്ലാം ഉൾപ്പെടുന്ന മൊത്തം കെട്ടിട സമുച്ചയത്തെയാണ് സൂചിപ്പിക്കുന്നത് കൊരിന്ത്യയിലെ ക്രിസ്ത്യാനികൾ പാപങ്ങൾ കഴുകപ്പെട്ടവരും (പ്രവൃ. 22:16), വിശുദ്ധ ജീവിതം നയിക്കുവാനും നിത്യജീവനുമായി വീണ്ടെടുക്കപ്പെട്ടവരുമാണ്. അത് ആരംഭ പ്രഖ്യാപനം ആയിരുന്നു. സാധാരണ ഒരു നിരീക്ഷകന് അവരുടെ വിശുദ്ധി കാണുവാൻ കഴിയുമായിരുന്നു. ഇപ്പോൾ അവരിൽ വിഭാഗിയത ഭവിച്ചിരിക്കുന്നു. അവരിൽ ചിലരിൽ പാപം പ്രകടമായിരുന്നു (5:1). അവരിൽ ചിലർ വിഗ്രഹങ്ങളെ ഭാഗികമായി മാത്രമെ ഉപേക്ഷിച്ചിരുന്നുള്ളു (8:10). അവർക്ക് അന്യോന്യമുള്ള ബന്ധം സൂക്ഷിക്കുവാൻ കഴിഞ്ഞില്ല എന്നു മാത്രമല്ല, ഭൗതിക നിയമങ്ങൾ കൈകാര്യം ചെയ്ത കോടതികളെയും സമീപിക്കുവാൻ തുടങ്ങി (6:7). അപ്പോഴും ദൈവം അവരെ വിശുദ്ധരായി ജീവിക്കുവാനായിരുന്നു വിശുദ്ധീകരിച്ചത്. കുഞ്ഞാടിന്റെ രക്തമായിരുന്നു അവരെ ദൈവത്തോട് ബന്ധിപ്പിച്ചത്. ദൈവം അവരെ വിശുദ്ധീകരിച്ചതുപോലെ വിശുദ്ധരായി ജീവിക്കുവാനായിരുന്നു പൗലൊസ് അവരെ പ്രബോധിപ്പിച്ചത്.

## “സർവ്വവും നിങ്ങൾക്കുള്ളതല്ലൊ”
## (3:18-23)

പൗലൊസ് കൊരിന്ത്യരോട് സൗമ്യമായിട്ടാണ് ഇടപെട്ടത്. കൊരിന്ത്യയിലെ പൊതുരംഗത്ത് നിലനിന്ന തത്വജ്ഞാനികളെ വിലയിരുത്തിയുള്ള അവിടത്തെ ആളുകൾ അഹംഭാവത്തിലായിരുന്നു. പൗലൊസ് അവരോട് തുറന്നു തന്നെ സംസാരിച്ചു. “പക്വതയുള്ള പുരുഷന്മാരോട് എന്ന പോലെ നിങ്ങളോട് സംസാരിക്കുവാൻ എനിക്കു കഴിഞ്ഞില്ല, എന്നാണ്” (3:1, 2). അവൻ അവരോട് പറഞ്ഞത്. ഒരാൾ തന്റെ സ്വയ - പ്രാധാന്യത്തിൽ ഊന്നി ജീവിക്കുന്നത് ദൈവഹിതമല്ല എന്നാണ് അപ്പൊസ്തലൻ പറഞ്ഞത്. അവർ ദൈവത്താൽ വിളിക്കപ്പെട്ടവരാണ് എന്ന് അവൻ അവരെ ഓർമ്മിപ്പിച്ചു. പ്രതിരോധിക്കുവാൻ അവരുടെ പ്രത്യേക സിദ്ധാന്തമൊന്നുമില്ലായിരുന്നു. ഒരു സമൂഹത്തെ ദൈവരുപത്തിലേക്ക് പരിവർത്തനം ചെയ്യുവാനായിരുന്നു അപ്പൊസ്തലന്റെ പരിശ്രമം. ഒരു സമയത്ത് കൊരിന്ത്യയിലെ ക്രിസ്ത്യാനികൾ ദൈവത്തിന് കീഴ്പ്പെട്ട് ആത്മാവിൽ ജീവിക്കണമായിരുന്നു. ക്രിസ്തുവിന്റെ സഭയിലെ അംഗങ്ങൾ എന്ന നിലയിൽ അവർ ഏക മനസിലും ഏകാഭിപ്രായത്തിലും യോജിച്ചിരിക്കണമായിരുന്നു (1:10), പരിജ്ഞാനവും പ്രത്യാശയും അവർ മറ്റുള്ളവരിലേക്ക് പങ്കിടുകയും വേണമായിരുന്നു.

**[18]ആരും തന്നെത്താൻ വഞ്ചിക്കരുത്. താൻ ഈ ലോകത്തിൽ ജ്ഞാനി എന്നു നിങ്ങളിൽ ആർക്കെങ്കിലും തോന്നിയാൽ, അവൻ ജ്ഞാനിയാകേണ്ടതിന്നു ഭോഷനായി തീരട്ടെ. [19]ഈ ലോകത്തിന്റെ ജ്ഞാനം ദൈവസന്നിധിയിൽ ഭോഷത്വമത്രെ. അവൻ ജ്ഞാനികളെ അവരുടെ കൗശലത്തിൽ പിടിക്കുന്നു എന്നും [20]കർത്താവ് ജ്ഞാനികളുടെ വിചാരം വ്യർത്ഥം എന്നു അറിയുന്നു എന്നും എനുതിയിരിക്കുന്നുവല്ലൊ. [21]ആകയാൽ ആരും മനുഷ്യരിൽ പ്രശംസിക്കരുത്. സകലവും നിങ്ങൾക്കുള്ളതല്ലൊ. [22]പൗലൊസോ, അപ്പല്ലൊസോ, കേഫാവോ, ലോകമോ, ഇപ്പോഴുള്ളതോ, വരുവാനുള്ളതോ, സകലവും നിങ്ങൾക്കുള്ളത്. [23]നിങ്ങളോ ക്രിസ്തുവിന്നുള്ളവർ, ക്രിസ്തുവോ ദൈവത്തിനുള്ളവൻ.**

**വാക്യം 18.** ക്രിസ്തുവിനെ കർത്താവായി സ്വന്തമാക്കിയ ഉടനെ ഒരു ക്രിസ്ത്യാനി വഞ്ചിക്കപ്പെടുമെന്ന് കരുതരുത്. അതിനെതിരായി ഒരാൾ വാദിച്ചേക്കാം: ക്രിസ്ത്യാനികൾ വഞ്ചനക്ക് വഴങ്ങുന്നവരാണ്. വിശ്വാസത്തിന്റെ പ്രധാന ഘടകമാണ് ആശ്രയം. പ്രസംഗിക്കുന്ന സുവിശേഷ സന്ദേശം വിശകലനവും, മനസിലാക്കലും ആവശ്യപ്പെടുന്നു. സുവിശേഷം നന്നായി സംയോജിപ്പിച്ചു കേൾക്കുമ്പോൾ വിശ്വാസികൾ അതിശയിക്കുവാനിടയാകും. ശരിയായ വാക്കുകൾ ഉപയോഗിച്ച് ദുഷ്ടനെ മാനസാന്തരത്തിലേക്കും, ക്രിസ്തുവിനെ ഏറ്റു പറയുന്നതിലേക്കും, കർത്താവിങ്കലേക്കും നയിക്കുവാനിടയാക്കും. കപടശാലികളും അവസരവാദികളും ഒരിക്കൽ കൊരിന്തിന് അന്യമായിരുന്നു. മർമ്മമായ വാക്കുകളുപയോഗിച്ച് കോട്ടിമറിക്കുകയും, നാട്യജ്ഞാനവും നിത്തമായിരുന്നു അവർ വഞ്ചിക്കപ്പെടുവാനിടയായത്. സഭയുടെ ചരിത്രം മുഴുവൻ പരിശോധിച്ചാൽ, അത്തരം ആളുകൾ തുടർച്ചയായി ആളുകളെ വഞ്ചിഞ്ചിച്ചുകൊണ്ടിരുന്നു എന്നു കാണാം.

രണ്ടാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിൽ, ആക്ഷേപഹാസ്യക്കാരനായ ലൂസി

യൻ ഒരു ചതിയന്റെ പേർ പറഞ്ഞത് "പെരെഗ്രീനസ്" എന്നായിരുന്നു. പെരെഗ്രീനസ് എങ്ങനെ ക്രിസ്ത്യാനി ആയി എന്നും, തുടർന്ന് ഉടനെ "എല്ലാവരേയും കുട്ടികളെ പോലെ കാണുമാറാക്കി മാറ്റി" എന്നും ലൂസിയൻ വിവരിക്കുന്നു. കൂടാതെ അവൻ പുസ്തകങ്ങൾ രചിക്കുകയും, അവരുടെ പുസ്തകങ്ങൾ തർജിമ ചെയ്യുകയും ചെയ്തു. പെരെഗ്രീനസ് തടവിലായ പ്പോൾ അവന്റെ സഹോദരീസഹോദരന്മാരായവരെല്ലാം അവരാൽ കഴിയുന്ന തെല്ലാം അവനെ തടവിൽ നിന്നു മോചിപ്പിക്കുവാനായി ചെയ്തു. അവന്റെ സൗഭാഗ്യത്തിനായി അവർ ധാരാളം പണവും സ്വരൂപിച്ചു. ക്രിസ്ത്യാനികൾക്ക് ഇത്തരം സ്വഭാവരൂപീകരണം നൽകിയതിനെ കുറിച്ച് ലൂസിയൻ ചുരുക്കി ഇങ്ങനെ പറഞ്ഞു: "ഏതൊരു സൂത്രശാലിയോ കപടശാലിയോ ആയാലും അയാൾക്ക് ക്രിസ്ത്യാനികളെ ഒരു കെട്ടുകഥ അടിച്ചേൽപിച്ച് പെട്ടെന്ന് പണം സ്വരൂപിക്കുവാൻ കഴിയും."[9]

ലൂസിയൻ ആളുകളെ രസിപ്പിക്കുന്നതിന് അതിഭാവുകത്വം ചേർത്തതായി രിക്കാം, പക്ഷെ ചില വിശ്വാസികളെ അസ്വസ്ഥമാക്കുവാനും അവരിൽ ചില തോന്നലുകൾ ജനിപ്പിക്കുവാനും അത്തരം ആളുകൾക്ക് കഴിയും എന്നത് വാസ്തവമാണ്. അവരുടെ ബഹുമതിക്ക് ക്രിസ്ത്യാനികൾ ക്ഷമിക്കുന്നവരും, വിശ്വസിക്കുന്നവരുമാണ്. അത്തരം നല്ല ഗുണങ്ങളെ പൗലൊസ് ഉത്തേജിപ്പി ക്കുന്നതോടൊപ്പം ചില വിമർശകരുടെ ചോദ്യങ്ങളും ഉന്നയിച്ചിരിക്കുന്നത് കാണാം. ബുദ്ധിപരമായ പ്രസംഗവും തത്വജ്ഞാനവുമെന്ന് പറഞ്ഞു വരു ന്നവർ നിങ്ങളെ വഞ്ചിക്കുവാനായിരിക്കും ശ്രമിക്കുന്നത് എന്നു പൗലൊസ് കൊരിന്ത്യരെ ഓർപ്പിച്ചു. ഈ കാലത്ത് **താൻ ജ്ഞാനി എന്നു** ഒരു ക്രിസ്ത്യാ നിക്ക് തോന്നിയാൽ, **അവൻ ജ്ഞാനി ആകേണ്ടതിന് ഭോഷനായി തീരട്ടെ** എന്നാണ് അപ്പൊസ്തലൻ പറഞ്ഞത്.

**വാക്യം 19.** തങ്ങൾക്ക് അപ്പുറമായ കാര്യങ്ങളെ മനുഷ്യർ തിരയുമ്പോൾ, അവർ ദൈവത്തെ പ്രീതിപ്പെടുത്തുകയല്ല, മറിച്ച്, അവനെ ഉല്ലസിപ്പിക്കുക യാണ് എന്നു പൗലൊസ് പറഞ്ഞു. ഈ ലോക ജ്ഞാനത്തെ പൗലൊസ് അൽപം പരിഹാസത്തോടെയാണ് അവതരിപ്പിച്ചത്. ആ ജ്ഞാനം "ഈ ലോക ത്തിലെ ജ്ഞാനികൾക്ക്" ഉള്ളതാണ് (3:18). അത്തരം ജ്ഞാനം അതിന്റെ പരിമിതികളെ തിരിച്ചറിയുന്നില്ല. തോട്ടത്തിലെ ഏതു വൃക്ഷഫലം തിന്നാലും മരിക്കയില്ല എന്ന് കേട്ടപ്പോൾ ഹവ്വക്ക് അത് മതിപ്പ് ഉളവാക്കുന്നതായിരുന്നു (ഉൽ. 3:1–4). ആകാശത്തോളം ഉയരമുള്ള ഒരു ഗോപുരം പണിയുവാൻ ശിന ാർ താഴ്വരയിൽ വെച്ച് ആളുകൾ ശ്രമിച്ചു (ഉൽ. 11:4). മനുഷ്യവർഗത്തിന്റെ ചരിത്രം പരിശോധിച്ചാൽ, ദൈവം മനഷ്യരുടെ ഭാഷ കലക്കി കളയുകയും അവർ ചിതറി പല രാജ്യങ്ങളിലേക്ക് പോകുകയായിരുന്നു. **ദൈവസന്നിധി യിൽ ഭോഷത്വമായതിലേക്ക്** ആണ് അവർ ചായുന്നത് എന്ന് ധാർഷ്ട്യവും അഹങ്കാരവുമുള്ള ജനം തിരിച്ചറിയുന്നില്ല.

പൗലൊസ് തന്റെ മുന്നറിയിപ്പ് അടിവരയിട്ടത് ഇയ്യോബ് 5:13 ഉദ്ധരിച്ചു കൊണ്ടാണ്. "**അവൻ** [ദൈവം] **ജ്ഞാനികളെ അവരുടെ കൗശലത്തിൽ പിടിക്കുന്നു.**" ആ വാക്കുകൾ ഇയ്യോബിന്റെ സ്നേഹിതൻ ഏലിഫാസി ന്റേതായിരുന്നു ഇയ്യോബിന്റെ പുസ്തകത്തിലെ പല വാക്കുകളും പുതിയ നിയമത്തിൽ ഉപയോഗിച്ചിരിക്കുന്നു. പ്രവൃത്തികൾ മൂന്നു പ്രാവശ്യമാണ് നേരിട്ട് പറയുന്നത്. ആ മൂന്നിൽ രണ്ടും ഏലിഫാസിന്റെ വാക്കുകളായിരുന്നു (1 കൊ. 3:19; [ഇയ്യോ. 5:13]; എബ്രാ. 12:5; [ഇയ്യോ. 5:17]). മൂന്നാമത്തേത് ദൈ

ദവം ഇയ്യോബിനോട് പറയുന്നതാണ് (റോമ. 11:35; [ഇയ്യോ. 41:11; 35:7 ലെ ഏലിഹൂവിന്റെ വാക്കുകൾ നോക്കുക]). ഇയ്യോബിന്റെ സ്നേഹിതന്മാരുടെ പോയിന്റ് എന്തെന്നാൽ മനുഷ്യർക്ക് ദൈവവഴി അറിയുവാൻ കഴിയുകയില്ല എന്നായിരുന്നു, എങ്കിലും തങ്ങൾക്ക് ജ്ഞാനത്തെ കുറിച്ച് എല്ലാം അറിയാമെന്ന വിധത്തിലായിരുന്നു അവർ ഇയ്യോബിനോട് സംസാരിച്ചത്. ആ കാര്യത്തിൽ അവരുടെ ജ്ഞാന കൗശലത്തിൽ ദൈവം അവരെ പിടിച്ചു.

**വാക്യം 20**. തന്റെ പോയിന്റ് കൂടുതൽ ഊന്നി പറയുവാനായി പൗലൊസ് സങ്കീർത്തനങ്ങൾ 94:11 ഉദ്ധരിച്ചു. പഴയ നിയമം ഗ്രീക്കിൽ തർജിമ ചെയ്തതിൽനിന്നാണ് ഉദ്ധരിച്ചത് (സങ്കീ. 93:11; LXX), എബ്രായ ഭാഷയിൽനിന്ന് അർത്ഥം അൽപം വ്യത്യാസം വന്നിരിക്കുന്നു. തന്റെ പ്രവൃത്തികളെ മനുഷ്യർ വിമർശത്തോടെ കാണുന്നത് അവൻ ഗൗരവത്തിലാണ് കാണുന്നത്. മനുഷ്യർ ദൈവത്തിന്റെ വെളിപ്പാടിനെ ധീരമായി മാറ്റി നിർത്തുമ്പോൾ, അവരുടെ **അനുമാനത്തെ ... പ്രയോജനമില്ലാത്തതെന്ന്** അവൻ അറിയുന്നു. വിദ്യാഭ്യാസവും ജിജ്ഞാസയും ദൈവത്തിന് എതിരാണ് എന്നല്ല പൗലൊസ് പറഞ്ഞത്. മറിച്ച് അവനോട് പറഞ്ഞത് – മനുഷ്യരുടെ അനുമാനത്തിന്റെ അവസാനം — സാങ്കേതിക മുന്നേറ്റവും, ഇലക്ട്രോണിക് വൈദഗ്ധ്യവും മനുഷ്യരെ ക്ഷീണിപ്പിക്കുന്നതാണ് – ഉണ്ടായതിന്റെ എല്ലാം രഹസ്യത്തെ കുറിച്ച് "ആദിയിൽ ദൈവം സൃഷ്ടിച്ചു" എന്നു മാത്രമാണ് പറയുന്നത് (ഉല്. 1:1).

**വാക്യം 21**. പൗലൊസ് പ്രബോധിപ്പിച്ചതെല്ലാം ആപേക്ഷികമോ, സിദ്ധാന്തങ്ങളോ ആയിരുന്നില്ല. കർത്താവ് "ചില മനുഷ്യരെ അവരുടെ കൗശലത്തിൽ പിടിക്കും" എന്നുമല്ല. **മനുഷ്യരിൽ പ്രശംസിക്കുന്ന** കൊരിന്ത്യയിലെ ക്രിസ്ത്യാനികളുടെ കൗശലത്തെയാണ് കർത്താവ് പിടിക്കുന്നത്. പൗലൊസ് അവരെ ഓർമ്മിപ്പിച്ചു, "ദൈവത്തിന്റെ മന്ദിരം വിശുദ്ധമാണ്, അതാണ് നിങ്ങൾ" (3:17). അപ്പൊസ്തലൻ അവരോട് വ്യക്തിപരമായിട്ടാണ് സംസാരിച്ചത്. ദൈവം കൊരിന്ത്യരെ വിളിച്ച് ക്രിസ്തുവിൽ ആക്കി തീർത്തതുമായി താരതമ്യം ചെയ്യുമ്പോൾ ഒരു ജ്ഞാനത്തിനും അവർക്കു പ്രത്യാശ നൽകുവാൻ കഴിയുമായിരുന്നില്ല. അവർ വീണ്ടെടുക്കപ്പെട്ടവർ, തിരഞ്ഞെടുക്കപ്പെട്ടവർ, ദൈവത്തിന്റെ സ്വന്ത ജനം ആയിരുന്നു. നിസ്തുലമായ ദൈവത്തിന്റെ ദാനങ്ങളെ തിരിച്ചറിയുവാൻ അവർക്ക് ശരിയായ വീക്ഷണവും താഴ്മയും ആവശ്യമായിരുന്നു. ക്രിസ്ത്യാനികൾ ദൈവത്തിന്റെ മന്ദിരം ആകയാൽ **സകലവും അവർക്കുള്ളത്** എന്നാണ് പൗലൊസ് പറഞ്ഞത്.

**വാക്യം 22. പൗലൊസോ, അപ്പല്ലൊസോ, കേഫാവോ** കൊരിന്ത്യരെ സേവിച്ചപ്പോൾ, അവർ അനുഗ്രഹീതരായി തീർന്നു. ഒരർത്ഥത്തിൽ, ദാസന്മാർ ആരെ സേവിക്കുന്നുവോ, അവർ അവർക്കുള്ളവരായിരുന്നു. നവീന പരിഷ്ക്കാരവും, സൂക്ഷ്മമായ പഠനവും "ജഡമനസുള്ളവർക്ക്" കാണാം (3:1), പക്ഷെ ക്രിസ്തുവിന്റെ ആത്മാവിനെ കൈക്കൊണ്ടവർക്ക് അടിമത്തമാണ് വിലയുള്ളതായി തീരുന്നത്. ഈ ലേഖനത്തിന്റെ ആദ്യ മൂന്ന് അദ്ധ്യായങ്ങളിൽ, പൗലൊസ് 1:12 ലും 3:22 ലും പറഞ്ഞ ആ മൂന്നു പുരുഷന്മാരെയും ബ്രാക്കറ്റിലാണ് പറഞ്ഞിരിക്കുന്നത്, കാരണം കൊരിന്ത്യർക്ക് അവരുടെ ഉപദേഷ്ടാക്കന്മാരിൽനിന്നു നടത്തിപ്പ് ലഭിച്ചിരുന്നു. അവർക്ക് **സർവ്വവും** ലഭിച്ചിരുന്നു. അവർ അറിഞ്ഞതും, ആരായി തീർന്നു എന്നതും, വളർന്നതുമെല്ലാം ആ ഉപദേഷ്ടാക്കന്മാരോടുള്ള ബന്ധത്തിലായിരുന്നു. **ലോകമോ, ജീവനോ, മരണമോ, ഇപ്പോഴുള്ളതോ, വരുവാനുള്ളതോ**, എല്ലാം അവർ അവകാശമാക്കിയിരുന്നു.

കേഫാവിനെ കുറിച്ച് 3:22 ലും, 1:12 ലും പറഞ്ഞിരിക്കുന്നത് മനസിലാക്കുവാൻ അൽപം പ്രയാസമാണ്. പത്രൊസ് തന്നെ കൊരിന്തിൽ സമയം ചെലവിട്ടിരുന്നോ? ഒരുപക്ഷെ ചെലവിട്ടിരിക്കാം. എന്നാൽ പൗലൊസ് കൊരിന്തിൽ സുവിശേഷ വിത്ത് പാകിയപ്പോൾ, അപ്പല്ലൊസ് ആണ് നനച്ചത് എന്നു പറയുന്ന, അവിടെ പത്രൊസിനെ കുറിച്ച് പറയുന്നില്ല. കൊരിന്ത്യയിലെ ക്രിസ്ത്യാനികൾ അപ്പല്ലൊസിനെ വ്യക്തിപരമായി അറിഞ്ഞിരുന്നു (പ്രവൃ. 18:24, 27; 1 കൊ. 16:12), പക്ഷെ കേഫാവിനെ അവർക്ക് വ്യക്തിപരമായി അറിയാമെന്ന സൂചനയില്ല. എങ്ങനെയായാലും, കൊരിന്ത്യയിലെ ഭിന്നതയിലേക്ക് പത്രൊസിന്റെ പേരും വലിച്ചിഴച്ചില്ല എങ്കിൽ പൗലൊസ് ഒരിക്കലും കേഫാവിന്റെ പേർ പറയുമായിരുന്നില്ല. അവർ പത്രൊസിന്റെ പേർ എടുത്ത് ഉപയോഗിച്ചത് അവന്റെ അറിവോ സമ്മതമോ കൂടാതെ ആയിരുന്നു എന്നു വേണം കരുതുവാൻ.

മുൻപ് യെരുശലേമിൽനിന്ന് അന്ത്യോക്യയിലേക്ക് ചെന്നതുപോലെ, കൊരിന്ത്യയിലേക്ക് യെഹൂദരായിരുന്ന ക്രിസ്ത്യാനികൾ വന്നു എന്ന് ലേഖനത്തിലെ ചില പരാമർശങ്ങൾ സൂചിപ്പിക്കുന്നു (പ്രവൃ. 15:1). കൊരിന്ത്യയിലെ ക്രിസ്ത്യാനികൾ മോശെയുടെ ന്യായപ്രമാണം അനുസരിക്കുവാൻ പ്രേരിപ്പിച്ചു. തങ്ങൾക്ക് യാക്കൊബിൽ നിന്ന് അധികാരം ലഭിച്ചു എന്നാണ് അവർ അവകാശപ്പെട്ടത് (ഗലാ. 2:12). അതേ ഉപദേഷ്ടാക്കന്മാർ പത്രൊസിൽനിന്ന് അധികാരം ലഭിച്ചു എന്ന് അവകാശപ്പെട്ടിരിക്കാം. അവർ ന്യായപ്രമാണത്തിൽ എരിവുള്ളവരായിരുന്നു, യെരുശലേമിലെ പരീശപക്ഷത്തുള്ളവരുമായിരുന്നു (പ്രവൃ. 15:5; 21:20 നോക്കുക). ഗലാത്യ സഭകളിൽ കലക്കമുണ്ടാക്കിയ പത്രൊസിന്റെ അധികാരമുണ്ടെന്ന് അവകാശപ്പെട്ട്, യെഹൂദ്യയിൽ നിന്നു വന്ന ഉപദേഷ്ടാക്കന്മാരായിരിക്കാം ഇവിടെയും എത്തിയത്. കേഫാവ് ഒരിക്കലും അവരെ അംഗീകരിച്ചിരുന്നില്ല. ചില കാരണത്താൽ ഈ യെഹൂദ്യയിലെ യെഹൂദ ക്രിസ്തീയ ഉപദേഷ്ടാക്കന്മാരെ കുറിച്ച് പൗലൊസ് തന്റെ ഒന്നാം ലേഖനത്തിൽ പരാമർച്ചില്ല; എങ്ങനെയായാലും, തന്റെ രണ്ടാം ലേഖനത്തിൽ ഈ കാര്യം അവൻ തുറന്ന് എഴുതി (2 കൊ. 3:13, 14), പൗലൊസ് പ്രതിരോധിച്ച കള്ളയപ്പോസ്തലർ ഇവരായിരിക്കാം.

**വാക്യം 23**. കർത്താവിന്റെ അപ്പൊസ്തലന്മാർക്ക് കീഴ്പ്പെടാതെ തങ്ങളിൽ തന്നെ ആശ്രയിച്ച്, ജ്ഞാനത്തിൽ വേരൂന്നിയപ്പോൾ, സഭയുടെ ഐക്യതയാണ് പരാജയപ്പെട്ടത്. “സർവ്വവും നിങ്ങൾക്കുള്ളതല്ലൊ” എന്നു പൗലൊസ് എഴുതിയപ്പോൾ സഭ അത് വ്യക്തിപരമായി എടുക്ക ണമായിരുന്നു (3:22). പൗലൊസിനോടോ, അല്ലെങ്കിൽ മറ്റേതൊരു മാനുഷ ഉപദേഷ്ടാവിനോടും അവർ ചായ്‌വ് കാണിക്കരുത് എന്ന് താഴെ പറയുന്ന പ്രസ്താവന തെളിയിക്കുന്നു: **നിങ്ങൾ ക്രിസ്തുവിനുള്ളവർ**. ക്രിസ്തുവിനുള്ളവരായതിനാൽ അവർ ഒന്ന് ആയിരുന്നു. ക്രിസ്തുവിനുള്ളവർ എന്നു പറഞ്ഞാൽ, **ക്രിസ്തു ദൈവത്തിനുള്ളവൻ** എന്നപോലെ അവരും ദൈവത്തിനുള്ളവർ എന്നാണ് അർത്ഥം. പിതാവും പുത്രനും ഒന്നായിരിക്കുന്നതുപോലെ ക്രിസ്ത്യാനികൾ സ്വർഗത്തോട് യോജിച്ച് ഐകമത്യത്തിൽ ജീവിക്കണം.

## പ്രായോഗികത

### ജഡത്തിൽ ജീവിക്കുന്നതിന്റെ സൂചനകൾ (3:1-3)

കൊരിന്ത്യയിലെ ക്രിസ്ത്യാനികളെ “ജഡികന്മാർ” എന്ന പോലെ മാത്രമെ

സംബോധന ചെയ്യുവാൻ കഴിഞ്ഞുള്ളു എന്നു പൗലൊസ് തുറന്നു പറഞ്ഞു. അപ്പോഴും, അവരുടെ സ്വഭാവം "ജഡികമാണ്" എന്നതിന് അവർ തെളിവും നൽകി. അവർ അന്യോന്യം പിണക്കത്തിലും ഈർഷ്യയിലുമായിരുന്നു. പിണക്കം അവർക്ക് സഹോദരപ്രീതിയില്ലാതാക്കി; അവർക്കിടയിലെ ബാലിശമായ പെരുമാറ്റം സമാധാനത്തെ ഇല്ലാതാക്കി.

ക്രിസ്ത്യാനികൾ ജഡത്തിന്റെ ഇഛക്കനുസരിച്ച് മോഷണം, മദ്യപാനം, വ്യഭിചാരം, മയക്ക് മരുന്ന്, ദുർന്നടപ്പ് എന്നീ ദുശീലങ്ങളോടുകൂടെ ജീവിച്ചാൽ, അത്തരം സ്വഭാവങ്ങൾ "ജഡിക മനുഷ്യരുടേത്" ആണ്. പലരും നിസാരമായി പാപം ചെയ്തു ജീവിക്കുന്നതായിട്ടാണ് പൗലൊസ് വ്യക്തമാക്കുന്നത്. അത്തരം "നിസാരമായി" കരുതുന്ന തെറ്റുകൾ സ്വാർത്ഥതയും, ശത്രുതയും വളർത്തുന്നു, ദയയില്ലാത്ത സംസാരവും, വിചാരമില്ലാത്ത പരദൂഷണവും, അവ ശരീരത്തിന്റെ ഐക്യത തകർക്കുന്നതും സ്വയം-നശിപ്പിക്കുന്നതുമായ സ്വഭാവങ്ങളത്രെ. ക്രിസ്ത്യാനികൾ "പൂർണ്ണ വിനയത്തോടും, സൗമ്യതയോടും, ദീർഘക്ഷമയോടുകൂടി നടക്കയും, സ്നേഹത്തിൽ അന്യോന്യം പൊറുക്കയും വേണം" (എഫെ. 4:2). കൊലൊസ്യ സഭക്ക് പൗലൊസ് എഴുതി, "ഇപ്പോഴോ നിങ്ങളും കോപം, ക്രോധം, ഈർഷ്യ, വായിൽനിന്നു വരുന്ന ദൂഷണം, ദുർഭാഷണം ഇവ ഒക്കെയും വിട്ടുകളവിൻ" (കൊലൊ. 3:8).

**സഭയും നേതൃത്വവും (3:4-9)**

ദീർഘ വർഷമായി തങ്ങളുടെ ഇരിപ്പിടങ്ങളിലിരുന്ന് ഉപദേഷ്ടാവിന്റെ പ്രസംഗം കേൾക്കുന്നവർ അദ്ദേഹത്തിന്റെ അറിവ് കൂടാതെ ആ വ്യക്തിത്വത്തിലേക്ക് മാറുന്നതായി പഠനങ്ങൾ തെളിയിക്കുന്നു. ഉപദേഷ്ടാവ് എന്ന സത്ത മാത്രമല്ല ആളുകൾ തിരിച്ചറിയുന്നത്. പല വശങ്ങളിൽ കൂടെയാണ് ദൃഢവിശ്വാസവും നേതൃത്വവും വരുന്നത്. പ്രാദേശിക സ്പോർട്സ് ടീമിൽ ആളുകൾക്ക് പട്ടണങ്ങളിലായാലും, സംസ്ഥാനങ്ങളിലായാലും ദൃഢവിശ്വാസമാണുള്ളത്, അതുപോലെ തന്നെയാണ് അവരുടെ സർക്കാർ പ്രതിനിധികളിലും. അകയാൽ, സഭയോട് ദൈവ വചനം ഘോഷിക്കുന്നവരെ സാധാരണക്കാർ ഉയർന്ന രീതിയിലാണ് കണക്കാക്കുന്നത്.

വ്യക്തിപരമായ ആദരവ്, പ്രശംസ, ദൃഢവിശ്വാസം എന്നിവ അങ്ങേ അറ്റം ആയാൽ പ്രശ്നമായി തീർന്നേക്കാം. ഒരു സന്ദർഭത്തിൽ പത്രൊസും (പ്രവൃ. 10:25, 26), പൗലൊസും ബർന്നബാസും മറ്റൊരു സന്ദർഭത്തിലും (പ്രവൃ. 14:14, 15) അവരുടെ കേൾവിക്കാർ അവരെ അമിതമായി ആദരിച്ചപ്പോൾ അവരെ ശാസിച്ചിരുന്നു. വ്യക്തിപരമായ ആദരവും, ദൃഢവിശ്വാസവും അവരുടെ നേതാക്കന്മാരോട് അമിതമായപ്പോൾ, കൊരിന്ത്യയിൽ ഭിന്നത ഉടലെടുത്തു. അത്തരം പക്ഷം ചേരലിനെ പൗലൊസൊ അപ്പല്ലൊസോ ഉദ്ദേജിപ്പിച്ചില്ല. പൗലൊസിനു വേണ്ടി വാദിച്ചവർ പറഞ്ഞത്, ആദ്യം പൗലൊസാ ആണ് ഇവിടെ സുവിശേഷം എത്തിച്ചത്, അതിനാൽ അവന് പ്രാധാന്യം നല്കണം. അതിനെ ലഘൂകരിക്കുവാൻ ശ്രമിച്ചവർ പറഞ്ഞത്, പൗലൊസിന് വാക്ചാതുര്യമില്ല എന്നാണ് (2 കൊ. 11:6). വ്യക്തിപരമായ താൽപര്യവും അതിൽ ഉൾപ്പെട്ടിരുന്നു (2 കൊ. 10:10). അതേ സമയം, അപ്പല്ലൊസ് തിരുവെഴുത്തിൽ സാമർത്ഥ്യവും വാഗ്വൈഭവവുമുള്ളവൻ ആയിരുന്നു (പ്രവൃ. 18:24).

ഒരു ഉപദേഷ്ടാവിനോടോ, അല്ലെങ്കിൽ മറ്റൊരാളോടോ പ്രത്യേക താൽപര്യം തോന്നിയാൽ സഭയിൽ ഭിന്നത ഉടലെടുത്തേക്കാം. ഒരു പരിധിവരെ

അഭിപ്രായ വ്യത്യാസവും വിയോജിപ്പും നമുക്ക് മനസിലാക്കാവുന്നതാണ്. വ്യത്യസ്ത വായനാശീലത്താൽ, വിവിധ രീതിയിൽ പഠിക്കുന്നത് നല്ല രീതിയിൽ ചിന്തിച്ചാൽ ഗുണം ചെയ്യും. സഭയിൽ ഭിന്നത ഭവിക്കാത്തേടത്തോളം അതിൽ വലിയ കുഴപ്പമില്ല. ക്രിസ്തീയ വിശ്വാസത്തിന്റെ കേന്ദ്രബിന്ദു ക്രിസ്തു ആയിരിക്കണമെന്ന് പൗലൊസ് കൊരിന്ത്യർക്ക് ലേഖനം എഴുതുമ്പോൾ പറയുന്നു. മറ്റുള്ളവരെ എല്ലാം മാറ്റുന്നതാണ് അവനോടുള്ള വിധേയത്വം. ശരീരത്തിന്റെ ഐക്യതക്കായി നാം വ്യക്തിതാൽപര്യങ്ങളെ ഉപേക്ഷിക്കണം.

**സഭ ദൈവത്തിന്റെ മന്ദിരം (3:10-23)**

ആധുനിക യുഗത്തിലെ പാശ്ചാത്യ ലോകം, വ്യക്തിവാദത്തിന്റെ കാര്യത്തിലെ അങ്ങേ അറ്റം പോയിരിക്കുന്നു എന്നാണ് സാമൂഹ്യശാസ്ത്രജ്ഞന്മാർ പറയുന്നതു. വ്യക്തികൾ സാമൂഹ്യ പ്രതിബദ്ധത അവഗണിക്കുമ്പോൾ, അത് ഉത്തരവാദിത്തത്തിൽ നിന്നു മാറിനിൽക്കലാണ്. നാഗരീക സംഘങ്ങൾ, അതിലേക്ക് അംഗങ്ങളെ ആകർഷിക്കുവാൻ കഴിയാത്തതിനാൽ, ഗവൺമെന്റ് മേഖലയിലും മറ്റും അംഗങ്ങൾ കുറഞ്ഞുവരികയാണ്. അധികം ആളുകൾ ഫോണിലും, സ്ക്രീനിലും, ഇലക്ട്രോണിക് ഉപകരണങ്ങിലും കണ്ണും നട്ടിരിക്കുകയാണ്. “സമൂഹ്യ മാദ്ധ്യമങ്ങളുടെ” അതിപ്രസരത്തിൽ മയങ്ങുന്നവർ ഏകാന്തമായി ഇരിക്കുന്നതിനാൽ, മാനുഷികമായ ആശയവിനിമയങ്ങളിൽ നിന്നും അകലുന്നു.

ക്രിസ്തുവിന്റെ സഭ, ഒരു സമൂഹ ജനം എന്നതിലുപരിയായി, പൊതു വിശ്വാസം ഏറ്റുപറയുകയും, ഒരു ജീവിത രീതിക്കായി സമർപ്പണം ചെയ്തുവരുമാണ്. മറ്റെല്ലാറ്റിനോടൊപ്പം, സഭ ഒരു പരസ്പരബന്ധമുള്ള സങ്കീർണ്ണ സ്ഥാപനം ആണ്. മറ്റു സ്ഥാപനങ്ങളെ പോലെ സഭയും സമൂഹവുമായി ബന്ധപ്പെട്ടിരിക്കുന്നു, ആളുകൾ ഒറ്റപ്പെട്ടിരിക്കുവാൻ ആഗ്രഹിച്ചാൽ സഭ കഷ്ടതയിലാകും. ആത്മാവിനെ ദത്തെടുക്കൽ കാലാകാലങ്ങളിൽ ചുരുക്കമായിട്ടേ സംഭവിക്കുന്നുള്ളു. ഉദാഹരണമായി, സുവിശേഷീകരണം നടക്കുന്നത് വ്യക്തികളുടെ അപേക്ഷപ്രകാരമാണ്. ഒരു സുവിശേഷകൻ ചോദിക്കുന്നു, “നിങ്ങൾ രക്ഷിക്കപ്പെടുവാൻ ആഗ്രഹിക്കുന്നുവോ?” അതിനു ശേഷം പറയുന്നത്, എങ്കിൽ നിങ്ങൾ ചെയ്യേണ്ടത്, “പാപികളുടെ പ്രാർത്ഥന ചൊല്ലുക, അപ്പോൾ കർത്താവ് നിങ്ങളുടെ ഹൃദയത്തിലേക്ക് വരും.” അത്തരം ഒരു അപേക്ഷ പൗലൊസിനും, പത്രൊസിനും, പുതിയ നിയമത്തിനും അന്യമാണ്. തെരുവീഥികളിലും, ചന്തസ്ഥലത്തും പൗലൊസ് പ്രസംഗിച്ചിരുന്നു. ആളുകളോട് മാനസാന്തരപ്പെട്ടു സ്നാനമേൽക്കുവാനായിരുന്നു അവൻ ജനത്തോട് പറഞ്ഞത് (ഗലാ. 3:27). തന്നെ ശ്രദ്ധിക്കുന്നവരോട് പൗലൊസ് പിന്നെ പറഞ്ഞത്, ക്രരിസ്തു ദൈവപുത്രനാണെന്ന വിശ്വാസം തുറന്ന് ഏറ്റുപറകയും, ക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏൽക്കുകയും വേണം എന്നാണ്. അങ്ങനെ ചെയ്യുന്നവരെ കർത്താവ് രക്ഷിച്ച് തന്റെ സഭയോട് ചേർക്കുന്നു. ക്രിസ്തുവിനോടുകൂടെയുള്ള ജീവിതം എന്നു പറയുന്നത്, സമൂഹത്തിലാണ്, അതായതു സഭയിൽ ഉള്ള ജീവിതമാണ്.

ഒരാൾ രക്ഷിക്കപ്പെടുന്നതും ക്രിസ്തു അയാളുടെ ഹൃദയത്തിലേക്ക് വരുന്നതും രഹസ്യമല്ല. സുവിശേഷം അനുസരിക്കുന്നതിന് പുറമെ, അയാൾ ആളുകളുടെ ഭാഗമായി തീരുന്നു – അവരോടുകൂടെ പങ്കിടുകയും, അവരിൽനിന്ന് ഉത്തേജനം പ്രാപിക്കയും, അവരിൽ നിന്നു തിരുത്തൽ ലഭിക്കയും ചെയ്യുന്നു.

സഭയിലെ ആളുകളുമായി ബന്ധപ്പെട്ടുകൊണ്ടാണ് കൊടുക്കുകയും വാങ്ങുകയും ചെയ്യുന്നത്.

പരസ്പരം ശരീരത്തിലെ അംഗങ്ങളാണെന്ന കാര്യം കൊരിന്ത്യയിലെ ക്രിസ്ത്യാനികൾ മറന്നതാണ് പ്രശ്നത്തിന് കാരണം. കൂട്ടമായി, അവർ ദൈവത്തിന്റെ ജനവും, ദൈവത്തിന്റെ മന്ദിരവുമായിരുന്നു. ദൈവം തന്റെ മന്ദിരത്തിൽ ജീവിക്കുന്നു (വസിക്കുന്നു). ക്രിസ്തുവിനാൽ, രക്ഷിച്ച് തന്റെ സഭയോട് ചേർക്കപ്പെടാതെ ഒരു വ്യക്തിയിലും ക്രിസതുവോ, അവന്റെ ആത്മാവോ വസിക്കുകയില്ല. സഭയിലെ ഓരോ വ്യക്തിയും വിശ്വാസം പങ്കിടുന്നതനുസരിച്ചാണ് സഭ വളരുന്നത്.

ഞാൻ ഹൈസ്ക്കൂളിൽ പഠിച്ചിരുന്നപ്പോൾ എനിക്ക് സയൻസ് ഇഷ്ടമായിരുന്നു. കണക്ക്, രസതന്ത്രം, ഊർജ്ജതന്ത്രം എന്നീ വിഷയങ്ങളിൽ ലഭ്യമായ പുതിയ കാര്യങ്ങൾ പഠിക്കുവാൻ എനിക്ക് വലിയ താൽപര്യം ഉണ്ടായിരുന്നു. ഒരു ദിവസം കോളേജിൽ ഒരു ഗസ്റ്റ് ലെക്ച്ചറർ രസതന്ത്രം പഠിപ്പിക്കുവാനായി വന്നപ്പോൾ ഒരു പരീക്ഷണം നടത്തി ഞങ്ങളെ കാണിച്ചു തന്നത് ഞാൻ ഒരിക്കലും മറക്കുകയില്ല. അദ്ദേഹം ഗ്ലാസുകൊണ്ടുള്ള ഒരു ഫ്ളാസ്ക്ക് എടുത്തു. നോക്കിയപ്പോൾ സാധാരണ ഗ്ലാസ് പോലെയാണ് തോന്നിയത്. ആ ഗ്ലാസിനെ അദ്ദേഹം പ്രത്യേക ടെക്നിക്ക് ഉപയോഗിച്ച് കടുപ്പമുള്ളതാക്കി. അതു ബോധ്യമാക്കുവാൻ അതിനെ ഒരു ചുറ്റിക പോല ഉപയോഗിച്ചു. രണ്ട് ബോർഡിൽ വലിയ ആണി തുളച്ച് ഗ്ലാസ് താഴെ വീഴാതിരിക്കുവാൻ ബന്ധിപ്പിച്ചു, പിന്നീട് അദ്ദേഹം ഫ്ളാസ്ക്ക് എടുത്ത് അതിലേക്ക് ഒരു ചെറിയ ലോഹക്കഷണം ഇട്ടു. ആ ഗ്ലാസ് ആയിരത്തോളം നുറുങ്ങു കഷണങ്ങളായി ചിതറി പോയി. മർദ്ദമുള്ള-ഗ്ലാസ് പുറമെ കടുപ്പമുള്ളതായി കാണപ്പെട്ടാലും, പരമ്പരാഗതമായി അതിന്റെ ഉൾവശം ഉറപ്പുള്ളതായിരിക്കുകയില്ല എന്നു ഞങ്ങൾ പഠിച്ചു.

ആ പരീക്ഷണം പല പ്രാവശ്യം എന്റെ മനസിലേക്ക് വന്നിരുന്നു. പല സഭകളും ഉപദേശത്തിൽ ഉറപ്പുള്ളതായും, പുറമെ നോക്കിയാൽ ഒരിക്കലും വീണുപോകയില്ല എന്നു തോന്നിയിരുന്നെങ്കിലും ഉള്ളിൽ നിന്നുള്ള സമ്മർദ്ദം നിമിത്തം ക്രമേണ ശുഷ്ക്കമായി പോയി. പുറമെയുള്ള സമ്മർദ്ദം നേരിടുവാൻ സഭ ഒരു ചുറ്റിക പോലെ തോന്നിയേക്കാമെങ്കിലും, ആന്തരികമായ ആക്രമണത്തിൽ അത് ചിതറി പോയേക്കാം. പൗലൊസിന്റെ കാഴ്ച്ചപ്പാടിൽ കൊരിന്ത്യ സഭ കഷണങ്ങളായി വേർപെടുന്നു – അവർ ക്രിസ്തുവിന്റെ ഉപദേശം വിട്ടുകളഞ്ഞതായിരുന്നില്ല കാരണം, മറിച്ച്, അസൂയ, നിഗളം, സ്വാർത്ഥത എന്നിവ അവരുടെ ആന്തരിക കൂട്ടായ്മയെ തകർത്തു.

---

കുറിപ്പുകൾ

[1]ജെ.എ. മോടിയെർ, "ഫ്ളെഷ്," ഇൻ ഇവാഞ്ചെലിക്കൽ ഡിക്ഷ്ണറി ഓഫ് തിയോളജി, 2ഡ് എഡി., എഡി.വാൾട്ടെക് ഏ. എൽവെൽ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ അക്കാഡമിക്, 2001), 455. [2]പത്തൊമ്പതാം നൂറ്റാണ്ടിന്റെ മദ്ധ്യ-ഭാഗത്ത്, എഫ്. സി. ബാവറിൽ നിന്നു കണ്ടെടുത്തതായ, 1 കൊരിന്ത്യ ലേഖനത്തിലെ പരാമർശങ്ങൾ, സാക്ഷ്യപ്പെടുത്തുന്ന ഒരു പോയിന്റ് കാണുന്നു. പത്രൊസ് യെഹൂദ രീതിയിലും, പൗലൊസ് സാർവ്വലൗകിക രീതിയിലും സുവിശേഷ പ്രവർത്തനം നടത്തി വന്നു. ഇത്തരം സിദ്ധാന്തങ്ങളെ മോഡിപിടിപ്പിച്ച് അവതരിപ്പിച്ചത് ജനങ്ങൾക്കിടയിൽ സ്വാധീനം ചെലുത്തിയിരുന്നു. അത് വിവരിച്ചിരിക്കുന്നത്, ഡബ്ലിയു ബി. വാർഡ്.

ഗാസ്ക്യുവിലാണ്, *ഏ ഹിസ്റ്ററി ഓഫ് ദ ഇന്റർപ്രെട്ടേഷൻ ഫ് ദ ആക്ട്സ് ഓഫ് ദ അപ്പൊസ്റ്റൽസ്* (പീബഡി, മാസ്: പബ്ലിഷേഴ്സ്, 1989), 27–30. [3]താരതമ്യം ചെയ്യുക 1 യോഹന്നാൻ 1:1, അവിടെ ക്രിസ്തുവിനെ "റിലേറ്റിവ് പ്രോനൗണിലാണ് ഉപയോഗിച്ചിരിക്കുന്നത്, "*ആദിമുതലുണ്ടായിരുന്നത്*" ആളുകൾ പ്രതീക്ഷിക്കുന്നത്, "*ആദി മുതലുള്ളവൻ*"എന്നായിരിക്കും (എംഫസിസ് ആഡഡ്). [4]ഗോർഡൻ ഡീ ഫീ. *ദ ഫസ്ററ് എപ്പിസ്റ്റിൽ ടു ദ കൊരിന്ത്യൻസ്, ദ ന്യൂ ഇന്റർനാഷ്ണൽ കമെന്ററി ഓൺ ദ ന്യൂടെസ്റ്റമെന്റ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1987), 128. [5]നസ്രേത്തുകാർ യേശുവിനെ (ടെക്മോൺ, "ഏ ക്രാഫ്ട്സ്മാൻ"; മത്താ 13:55) എന്നു വിളിച്ചു, ആ വാക്ക് സാധാരണ തർജിമ ചെയ്യാറില്ല. [6]ജോസഫ് ജേക്കബ്സ്, കോൾ "ഏ ലിറ്റിൽ ത്രീ പിഗ്സ്," ഇൻ ഇഗ്ലീഷ് ഫെയറി ടെയിൽസ് (ലണ്ടൻ - ഡേവിഡ് നെറ്റ്, 1890), 68–72. [7]ജെയിംസ് ഡി.ജി.ഡൺ, *ദ തിയോളജി ഓഫ് പോൾ ദ അപ്പൊസ്റ്റൽ* (ഗേഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം.ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1998), 491. [8]റിച്ചാര്ഡ് സി. ഹെയ്സ്, ദ മോറൽ വ്ഷൻ ഓഫ് ദ ന്യൂ ടെസ്റ്റമെന്റ് കമ്മൂണിറ്റി ക്രോസ്, ന്യൂക്രിയേഷൻ (സാൻ ഫ്രാൻസിസ്കോ ഹാർപ്പർ–സാൻ ഫ്രാൻസിസ്കോ, 1996), 32. [9]ലുഷൻ പാസിയഫ് പെരെഗ്രീനസ് 11–13.